ഉന്ദ്" എന്നാണ്". ഡിയർണസ്സ് അലവൻസ്സ് എന്ന പറയുന്നതു ഒരുത്തിക്കുള്ള ഒരു സംഗതിയാണെന്ന വിശ്വാസത്തോടു ഗവൺമെണ്ടു യോജിക്കുന്നില്ല. ഡിയർണസ്സ് അലവൻസ്സു വാങ്ങിക്കുന്നതിൽ ആക്ഷേപകരമായി യാതൊന്നുമില്ല. ഡിയർണസ്സ് അലവൻസ്സ് എന്നു പറയുന്നതു ചില പ്രത്യേക പരിതഃസ്ഥിതിയിൽ കൊടുക്കുന്ന ഒരേർപ്പാടാണ്".

ഒരു സംഗതികൂടി മാത്രമേ എനിയ്ക്കിതിൽ പറയാനുള്ളു. കഴിഞ്ഞ മകരമാസത്തിൽ ഒരു ബിൽ ഇവിടെ അവതരിപ്പിച്ചു. മന്ത്രിയുടെ ശമ്പളം വർദ്ധിപ്പിയ്ക്കണം എന്നു പറയുന്ന ഒരു ബില്ലാണതു". ആ ബില്ലിനെ പലരും എതിർത്തു., ഞാനും എതിർത്തു. ഞാൻ അതിനെ എതിർത്ത സന്ദർഭത്തിൽ പറഞ്ഞതു" കാലസ്ഥിതി മാറിയതുകൊണ്ടാണ്" ഇങ്ങിനെ ഒരു ബിൽ കൊണ്ടുവന്നതു എന്നുണ്ടെങ്കിൽ, ജീവിതച്ചിലവു വർദ്ധിച്ചതുകൊണ്ടാണ്" ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്നതു" എന്നുണ്ടെങ്കിൽ അതിനു ഡിയർണസ്സ്" അലവൻസ്സാണ വയ്ക്കേണ്ടതു" എന്നു ഞാൻ പറഞ്ഞു. അന്നു നാഷനലിസ്റ്റ്പാർട്ടി ഡെപ്യൂട്ടിലീഡർ, മിസ്റ്റർ ബാലകൃഷ്ണമേനോൻ അതിനനുകൂലമായി വോട്ടുചെയ്തില്ലെങ്കിലും വർദ്ധിപ്പിയ്ക്കേണ്ടതാണെന്നാണു പറഞ്ഞതു".

"We hold that public money should be spent for the maximum good of the maximum number of people and not for the gratification of any particular individual, however eminent he may be. We further hold that this Rs. 350, *i. e.* over and above the Rs. 500, over and above the salary of the Minister that he can be equated to 350 meals for 350 poor persons which in our view is to get more important. But this is only one side out of the picture. On the other side, at the time when the Council arrived at the figure of Rs. 500 the purchasing power of money was higher and the cost of living was cheap. Now the cost of living has increased. In its inverse ratio if you work it out, you get 166 and odd rupees. From out of this the Minister has to pay the professional tax as well as income-tax. I also understand he has to pay the water tax. And then, Sir, there are other incidental expenses. Of course there is nothing wrong in placing it before the House. There is the subscription hunter. If you refuse, Sir, to pay him you are considered a miser. If you start paying him and his type you become a pauper; so you are in a dilemma. Now, so far as my party is concerned including the Minister we do not intend to take part in the voting."

൪൦൦ രൂപയെന്നു പറയുന്നതു മതിയാകാത്ത സംഖ്യയാണ"; ൫൦൦ രൂപയെന്നുള്ളതു തരക്കേടില്ലാത്ത കാര്യമാണ". ൧൫൦ രൂപയ്ക്കു", ൧൭൦ ഉണ്ണുമാത്രമെ കിട്ടുകയുള്ളു; അതുകൊണ്ടു; ൪൦൦ രൂപ പോരാതെവരുന്നതാണ". എങ്കിലും ഞങ്ങൾ ഇതിനു വോട്ടു ചെയ്യുന്നതല്ലായെന്നാണ" പറഞ്ഞതു".

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഞാൻ ആ അർത്ഥത്തിലല്ല പറഞ്ഞതു".

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഞാൻ ആ അർത്ഥമാണ" അതിനെടുക്കുന്നതു".

ഈ ബിൽ സഭയിൽ കൊണ്ടുവന്നപ്പോൾ സഭ തള്ളുകയാണു ചെയ്തതു". അതിനെ എതിർത്ത അവസരത്തിൽ ഞാൻ പറഞ്ഞതു ശമ്പളം ൪൦൦ രൂപയെ പാടുള്ളു, വേണമെങ്കിൽ ഡിയർണസ്സ്" അലവൻസ്സ്" ആകാമെന്നാണ". അതനുസരിച്ചു കഴിഞ്ഞ കർക്കടകമാസത്തിൽ ഡിയർണസ്സ്" അലവൻസ്സ്" വേണമെന്നു പറഞ്ഞു ഒരു ബിൽ കൊണ്ടുവന്നപ്പോൾ ഞാൻ അതിനെ സപ്പോർട്ടുചെയ്കയും ചെയ്തു. അന്നു ഞാൻ പറഞ്ഞതിൽ കൂടുതലായി എനിയ്ക്കതിനെപ്പറ്റി ഒന്നും പറയുവാനില്ല.

4. ADJOURNMENT MOTIONS

Mr. President: Order, it is time for the adjournment motion. The adjournment motion is from Mr. P. Kumaran Ezhuthassan to discuss an urgent matter of public importance *"to wit the extremely difficult situation arisiag from the cut in rations recently introduced by the Government causing great distress to the poor of the State"* and along with that the following motion of Mr. M. I. Paul will be discussed.—

"To find out ways and means to get over the present shortage of food in the State".

***Mr. P. Kumaran Ezhuthassan** *(Vadakkancheri)*: Mr. President, I move that the business of the House be adjourned to discuss an urgent matter of public importance to wit the extremely difficult situation arising from the cut in rations recently introduced by the Government causing great distress to the poor of the State.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചതിന്റെ ആവശ്യം എന്താണെന്നു പ്രമേയം വായിച്ചാൽ വിശദമാകും. അടുത്തകാലത്തു് എട്ടിൽനിന്നു് മുറിലേക്കു താഴ്ത്തുകയുണ്ടായി. ആ വു മുമ്പു് പത്തിൽനിന്നും വു ആയതായിരുന്നു. ആ ഫാ അതിനുമുമ്പു് പന്ത്രണ്ടിൽനിന്നു കീഴോട്ടു പോന്നതായിരുന്നു. ആ പന്ത്രണ്ടു് സൌകര്യംപോലെ ചുരുക്കാവുന്നനിലയിൽ ആദ്യം ഉണ്ടായിരുന്ന ഫാ തന്നെ ചില ഉദ്ദേശങ്ങളോടുകൂടി ഫാ-ലേക്കു് കയറിയതായിരുന്നു. ഫാ-ന്റെയും ഫാ-ന്റെയും കാലം കഴിഞ്ഞു് വു-ം അതിൽനിന്നു സു-ം എന്നുള്ള തരത്തിൽപിന്നോക്കം, അക്കിയ അവസരങ്ങളിലെല്ലാം കിട്ടിയിരുന്നതു് എട്ടുമല്ല, മുറുമല്ല. മുറാണെന്നു പറഞ്ഞു തരുന്നതു വാസ്തവത്തിൽ നാലെയുള്ളു. ര ഔൺസു് എന്നു പറയുന്നതു പച്ചരിയാണെങ്കിലും, അരിയാണു് എന്നു സമ്മതിക്കാം. രണ്ടു ഔൺസു് എന്നു പറയുന്നതു വെറും ധൂമം, ധൂളി, ആ മാതിരിയുള്ള ഒരു സാധനമാണു്. രണ്ടുംകൂടി മുറു് ഔൺസു് ആയില്ലെ? ! പട്ടികപ്പിക്കു കൊടുത്താൽ പട്ടികപ്പു കൂടി തിന്നാത്ത, ഒരു സാധനം! സംഗതികളിൽ തെറ്റൊന്നുമില്ലല്ലൊ? ! ഇതെല്ലാം അനുഭവത്തിൽനിന്നു പറയുന്നതാണു്. ഈ അടുത്ത ദിവസം തൃശ്ശിവപേരൂർവച്ചുണ്ടായ ഒരനുഭവം പറയാം. ക്ഷുത്തടക്കുവാനായി ഒരു ഹോട്ടലിൽ ഞാൻ കയറിച്ചെന്നു. അദ്ദേഹം വലിയ ആദരവോടുകൂടി പെരുമാറി; ചോറു കൊണ്ടുവന്നു വിളമ്പി. അപ്പോഴും ഞാൻ ചോദിച്ചു, ഇതുകൊണ്ടു എല്ലാം കഴിഞ്ഞുപൊ എന്നു്. അതിനു കാരണമുണ്ടു്. ഞാൻ ഉണ്ണുൻ കയറിയ ഹോട്ടലിന്റെ അടുത്തു് ഒരു ഷാപ്പിൽ പോയിട്ടാണു് നമ്മുടെ ഇന്നത്തെ ഭക്ഷ്യമന്ത്രി ആ ബഞ്ചിൽ ഇരിപ്പുടം മാറിയിരിക്കുന്ന മന്ത്രി കരിഞ്ചന്ത പിടിച്ചതു്. അദ്ദേഹം ആ സ്ഥാനം കയ്യേറ്റം ഉടനെതന്നെ അപ്പോഴും ഉള്ളതും, ഇപ്പോഴും പോയികഴിഞ്ഞിട്ടില്ലാത്തതുമായ ആത്മാത്ഥത കൊണ്ടു് ആ സ്ഥലത്തു നടന്നുചെന്നു കരിഞ്ചന്ത പിടിച്ചു. അതു കഴിഞ്ഞ ശേഷം 'മായ' എന്ന പേരിൽ ഒരാൾ എനിക്കൊരു എഴുത്തെഴുതീട്ടുണ്ടു്. കരിഞ്ചന്ത നടത്തിയ ആളെ എതൊ ഒരാളെ പോയിക്കണ്ടു ശുപാർശചെയ്യിച്ചു് ആ സംഗതി 'സ', 'സു' എന്നാക്കാൻ പോകുന്നു എന്നു് അതിൽ പറഞ്ഞിട്ടുണ്ടു്. അങ്ങിനെ കരിഞ്ചന്ത പിടിച്ച സ്ഥലത്തിനടുത്തുള്ള ഹോട്ടലായതുകൊണ്ടു് പ്രത്യേകം സൂക്ഷിക്കേണ്ടതാണെന്നു വിചാരിക്കുന്നതിൽ അബദ്ധമില്ലല്ലൊ. അപ്പോഴും ഞാൻ ചോദിച്ചു, രസം കൂട്ടാനും, മോരു കൂട്ടാനും എല്ലാംകൂടി ഇതല്ലേ ഉള്ളു എന്നു്. ആ നിലക്കു രണ്ടു ഭാഗവും അതുകൊണ്ടവസാനിച്ചു. ഒടുവിൽ കിട്ടിയതു് എന്താണു്? ! ആദ്യം എനിക്കു് ഇഷ്ടമില്ലാത്ത നെടിയരിച്ചോറു്; തൊലിപ്പുറം അരിച്ചോറു്; വിററാമിൻ അധികം ഉള്ള ചോറു്! അതു് അങ്ങിനെ. പിന്നെ വിളമ്പിയതു് തെളതെളെ ഉള്ള ഒരു സാധനം! പക്ഷെ അരിമണിയാണു് എന്നു തോന്നും! ഏതൊ ഒരു കടലാസ്സിൽ എഴുതുകയുണ്ടായി "ഇന്നത്തെ കൊച്ചി ഗവൺമെണ്ടിന്റെ പിണ്ഡം വെയ്ക്കൽ" എന്നു്. അതു് ഞാൻ വായിച്ചതാണു്; ഇതൊക്കെ അതിൽ ഉണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ: ഗവൺമെണ്ടിന്റെ പിണ്ഡംവെച്ചു എന്നൊ, അതൊ ഗവൺമെണ്ടു വേറെ ആരുടെയെങ്കിലും പിണ്ഡം വെച്ചു എന്നൊ? (ചിരി)

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ആരുടെയെങ്കിലുമാകട്ടെ. അതടുത്തു വേണ്ടിവരും. ഈ തരത്തിലായാൽ അപ്പോഴും വേണ്ടിവരും. ഞാൻ പറഞ്ഞുവരുന്നതു തന്നിരുന്നതു് എട്ടായിരുന്നു എങ്കിലും, കിട്ടുന്നതു് എട്ടല്ല; മുറുമല്ല, എന്നുള്ള ഒരു അത്ഥത്തിൽ എടുക്കാൻ തക്കപരിതഃസ്ഥിതിയിൽ ഇന്നത്തെ അരിവിതരണം എത്തിച്ചേർന്നിട്ടുണ്ടെന്നാണു്. ഇങ്ങിനെ എത്തിച്ചേർന്നിരിക്കുന്ന ഈ കാലത്തും ചിലരെ ഒന്നും ഇതു ബാധിച്ചിട്ടില്ലായിരിക്കാം. ഞാൻ ഈ അടിയന്തിര പ്രമേയം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു് അങ്ങിനെയുള്ള ഒരു പ്രത്യേക തരക്കാരെ ഉദ്ദേശിച്ചിട്ടല്ല. റേഷൻ സു ഔൺസായാലും, ര ഔൺസായാലും ജനകീയപ്രതിനിധികളെന്നു് അഭിമാനിക്കുന്ന ചില ആളുകൾ എട്ടിന്റേയും, മുറിന്റേയും കാലത്തു്, ഫാ-ം ഫാ ം-ം ഉണ്ടായിരുന്നതിനേക്കാൾ ഭേദമായി ജീവിതം നയിച്ചുപോരുന്നുണ്ടെന്നു നമുക്കെല്ലാവക്കും അറിയാവുന്നതാണു്. ആ സംഗതിയെ നിഷേധിക്കാൻ ആരും ഒരുങ്ങുകയില്ല എന്നു ഞാൻ പറയുന്നു. ഞാൻ വായിച്ചിട്ടുണ്ടു്, സ്റ്റാർവേഷൻ എക്സ്പർട്ടു്, ഹെക്കറാഡു് എന്നൊ മറ്റൊ ആണു് ആ ആളുടെ പേർ. അദ്ദേഹം എഴുതിയ ആ പുസ്തകത്തിൽ, ഒരു മനുഷ്യനു സുഖമായിട്ടു് ദേഹത്തേയും, ആരോഗ്യത്തേയും നിലനിത്തിക്കൊണ്ടുപോകാൻ വേണ്ടതായ റേഷൻ ഫാ സു ഔൺസാണെന്നു്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ആറു ഔൺസിൽനിന്നു് ഇയ്യിടെ എട്ടു ഔൺസു് ആക്കി എന്നു പറയുന്നതു കേട്ടു. എന്റെ അറിവു് ശരിയാണൊ എന്നു് നിശ്ചയമില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അങ്ങിനെ ര ദിവസത്തേക്കു മാത്രം കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ര എന്നുള്ളതു് ന്നു ആക്കി എന്നൊ, എട്ടാക്കി എന്നൊ, എങ്ങിനെയെങ്കിലും ആകട്ടെ. ന്നു എന്നുള്ളതു് ചില കാര്യങ്ങൾക്കു നല്ല താണു്. പക്ഷെ റേഷൻ ന്നു ഔൺസാക്കിയതുകൊണ്ടു സാധു ജനവിഭാഗത്തിനു വളരെ ബുദ്ധിമുട്ടുകൾ നേരിട്ടുണ്ടു് എന്നുള്ളതിനു വലിയ പ്രസംഗമൊന്നും ആവശ്യമില്ല. അതി നാൽ ആ സംഗതി മാത്രമെ പറയുന്നുള്ള. നിവൃത്തിയില്ലാത്ത ഘട്ടത്തിലാണു് ഈ തരക്കാർ എത്തിച്ചേർന്നിട്ടുള്ളതു്. ഈ കാര്യത്തിൽ പ്രധാനമായി നോക്കേണ്ടതു്, ആറു് ഔൺസോ ആറേകാൽ ഔൺസോ എന്നുള്ളതല്ല. നല്ലതായാലും ചീത്തയായാലും ന്നു-ൽതന്നെ നില്ക്കണം; നില്പു് ആറിലേ നില്ക്കുയുള്ളു എന്നുള്ള നിലയല്ലാതെ മാറ്റം ഇല്ല എന്നുവെച്ചു്, അവി ടെത്തന്നെ നില്ക്കാൻ തരമില്ല. വ-ൽ തീച്ചയായും നില്ക്കണം, ഫ ഠ-ലേക്കു് കയറിയാലും വൈഷമ്യമില്ല. ഈ സംഗതിയെപ്പറ്റി ആദ്യമായിത്തന്നെ വേണ്ടതു വേണ്ടസമയത്തു വേണ്ടതരത്തിൽ പ്രവർത്തിച്ചിരുന്നെങ്കിൽ ആറിലേക്കു പോരേണ്ട ആവശ്യം ലവലേശം വരു കയില്ലായിരുന്നു. വ-ൽ സുഖമായിട്ടിരിക്കാമായിരുന്നു. ഫ ഠ-ലേക്കു് കയറാനും വിഷ മമില്ല. പക്ഷെ ഇവിടെ നാം കാണുന്ന കുറവു് ഒന്നാണു്. അതായതു തലച്ചോറു്. തല ച്ചോറുണ്ടായിരുന്നെങ്കിൽ ഇതൊന്നും കൂടാതെ കഴിക്കാമായിരുന്നു. തലച്ചോറു് എന്നു പ റഞ്ഞാൽ, തല + ചോറു് എന്നല്ല. ശരിയായ തലച്ചോറു തന്നെ വേണം. അതുകൊണ്ടു ഞാൻ പറയുന്നതു് ഇതിൽ പ്രവേശിച്ചിരിക്കുന്ന ആളുകൾ തലച്ചോറു് ഉപയോഗിച്ചു് ഇതിലുള്ള വൈകല്യങ്ങൾ ഉടനെ മാറേണ്ടതാണു് എന്നാണു്. അല്പം ബുദ്ധിപൂർവ്വം പ്രവ ർത്തിച്ചാൽ ഇതു കൂടാതെ കഴിക്കാം. ആറായാലും, എട്ടായാലും, എന്തായാലും റേഷൻ നടപ്പിൽ ഉള്ളിടത്തോളം കാലം, അതായതു കാലത്തു നിശ്ചയിച്ച റേഷൻ ശരിയായി നല്കണം. അതിനുള്ള കൈമുതൽ വേണം. കൈമുതൽ ഇല്ലെങ്കിൽ ആ സന്ദർഭത്തിൽ ഇന്നത്തെ സ്വതന്ത്ര ഇന്ത്യയിൽനിന്നു കിട്ടുന്ന നെല്ലും, നാട്ടിൽ ഉണ്ടാകുന്ന അരിയും ഒക്കെ ശേഖരിച്ചു് ഒരു stock കണക്കാക്കി വിതരണം ചെയ്യേണ്ടതാണു്. ഞാൻ ഇതിനെ പ്പറ്റി മുമ്പു് പറഞ്ഞിട്ടുള്ളതാണു്. അന്നു് ഭക്ഷ്യമന്ത്രി ഇന്നത്തെ ഭക്ഷ്യമന്ത്രിയല്ല. ഇപ്പോൾ മാറ്റം വന്നുവല്ലൊ. ധനകാര്യം പനമ്പിള്ളി, ഇയ്യുണ്ണിക്കു് ഭക്ഷണം, എന്നൊക്കെ കടലാ സ്സിൽ കണ്ടതാണല്ലൊ.

റാവുബഹദൂർ ടി.കെ. നായർ: ടി. കെ. നായക്കു് ജയിൽ എന്നും കണ്ടിട്ടില്ലേ? (ചിരി)

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതെ, ടി. കെ. നായക്കു് ജയിലും. പക്ഷെ അതു് അവസാനമാണു് പറഞ്ഞിട്ടുള്ളതു്. "പനമ്പിള്ളിക്കു് പണവും, ഇയ്യുണ്ണിക്കു് ഭക്ഷ ണവും" എന്നാണു് തലവാചകം. അപ്പോൾ ഇപ്പോഴത്തെ പണക്കാരനായ അന്നത്തെ ചോ റുകാരൻ പറയുകയുണ്ടായി, അവിടെ നിന്നുള്ള കപ്പാട്ടയും, ഇവിടെനിന്നുള്ള ഏട്ടക്കലും രണ്ടും കൂടിച്ചേർത്താണു് കൊടുക്കാൻ വെച്ചിരിക്കുന്നതെന്നു്. Grow more Food Campaign -നെറകാര്യം പറഞ്ഞപ്പോൾ, എന്തൊരു ബുദ്ധിശൂന്യതയാണു് ഈ പ്രമേയകർത്താവു് കാണിച്ചതു്? എങ്ങിനെയാണു് ഇതു അധഃപതിച്ചതു്, എന്നു് അദ്ദേഹം വളരെ വ്യസനിച്ചു ചോദിക്കുകയുണ്ടായി. ബീഹാർ, സിൻറ് മുതലായ സ്ഥലങ്ങളിൽനി ന്നും, കിട്ടിയതു് മേടിച്ചു് — പശുക്കൾക്കും കൂടി തിന്നാൻ കൊള്ളരുതാത്ത സാധ നം അതു് പശുക്കളെപോലെയുള്ളവക്കാണു് കൊടുക്കുന്നതെങ്കിൽ വിരോധമില്ല.— അതായതു് തലപ്പിള്ളി താലൂക്കിൽനിന്നും, നല്ല ഒന്നാന്തരം, ചെമ്പാവു്, തവളക്കണ്ണൻ, വെള്ളത്തരിക്കഴമ മുതലായ നല്ല നെല്ലിന്റെ അരി ഉണ്ടു പരിചയിച്ച ആളുകൾക്കു് ആ നെല്ലു് അവരോടു വാങ്ങി, അതിനുപകരം ഈ സിൻഡിൽയിന്നും മറ്റും കൊണ്ടുവന്ന ഈ അമാംഗം—ഞാൻ ആദ്യം പറഞ്ഞിട്ടുള്ളപോലെ, പുഴു-കല്ലു്-അരി—ഇപ്പോൾ അതിനുംപുറമെ പൊടിയും, ഇതൊക്കെ കൂട്ടിച്ചേർത്ത-ഒരു സാധനം തീറ്റേണ്ടിയിരുന്നുവോ എന്നു ഞാൻ ചോദിക്കുന്നു. അതും Nothing but a pooling and distribution Agency ആണെന്നു് പറഞ്ഞു! ഫുഡ് ഡിപ്പാർട്ടുമെണ്ടു് എന്നു പറഞ്ഞാൽ, അതിനു് നിശ്ചയിച്ച

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

ഉദ്യോഗസ്ഥന്മാർ, അതായതു് മന്ത്രിയുടെ കീഴുദ്യോഗസ്ഥന്മാർ, അവക്കു തോന്നിയതുപോലെ കാട്ടുവാൻ തരംകൊടുക്കാതെ, അതു് വേണ്ടവിധം supervise ചെയ്യണം. നെല്ലും അരിയും പുറമെനിന്നു കിട്ടാവുന്നിടത്തോളം വാങ്ങണം. ഇവിടെനിന്നു കിട്ടാവുന്നിടത്തോളം നെല്ലും എടുക്കണം. ഇതു രണ്ടും കൂടിച്ചേർത്തു മദ്ധ്യമയായി കൊടുക്കണം. പക്ഷെ ഇതു് നോക്കാൻ ആരാണു"?! സർ, ഞാൻ പറയുന്നു, ഇതിനൊക്കെ നിങ്ങൾക്കു് ഒരു policy വേണം. അതനുസരിച്ചു് അതിനു വേണ്ടപ്പെട്ട 'ആളുകളെക്കൊണ്ടു് പ്രവർത്തിയെടുപ്പിക്കണം. ആ policy-യെ ശരിയായി പ്രവർത്തിപഥാതിയിൽ കൊണ്ടുവരുവിച്ചു", അതിന്റെ ഗുണഫലങ്ങൾ നിങ്ങൾ പ്രതിനിധീകരിക്കുന്ന, ജനസാമാന്യത്തിനു് നിങ്ങളെ ഇവിടേക്കു് അയച്ചിട്ടുള്ള ആളുകൾക്കു്, മഹാരാജാവുതിരുമനസ്സിലെ അരുമസന്താനങ്ങൾക്കു് അനുഭവിക്കാറാക്കിത്തീർക്കണം. നിങ്ങൾ നിങ്ങളുടെ കൃത്യം നിർവ്വഹിക്കാൻ ശ്രമിച്ചിട്ടില്ല. ശ്രമിക്കാമായിരുന്നു. മനപൂർവ്വം ശ്രമിച്ചിട്ടില്ല എന്നു് ഞാൻ പറയുന്നില്ല. ഈ സമ്മേളനത്തിന്റെ ആദ്യത്തെ ദിവസം മറുപടി പറയണം എന്നുള്ള ഉദ്ദേശത്തിന്മേൽ, ഒരു Short Notice Question ഞാൻ അയച്ചിരുന്നു. ആ ചോദ്യം കിട്ടിയ ആ നിമിഷത്തിൽ പ്രസിഡണ്ടു് അവർകൾ അതിനെ സ്വീകരിച്ചു് എന്റെ അപേക്ഷയെ അടിസ്ഥാനപ്പെടുത്തി, വളരെ പരിശ്രമിച്ചു് ഭക്ഷ്യവകുപ്പു് ഭംഗിയായിട്ടു് തന്റെ ശക്തിക്കനുസരിച്ചു് ഗൌരവമായി നടത്തണമെന്നു വിചാരിക്കുന്ന Food Director-ക്കു് അയപ്പിച്ചു. ഒരു മണിക്കൂറിനുള്ളിൽ തന്റെ സ്വന്തം കയ്യക്ഷരത്തിൽ പകർപ്പെഴുതി, അര മണിക്കൂറിനുള്ളിൽ ടൈപ്പു ചെയ്യിച്ചു", അതിന്റെ മറുപടി ഒക്ടോബർ 1-ാംതിയ്യതി അയച്ചിട്ടുണ്ടെന്നു് ഞാൻ അറിയുന്നു. അതു് ഇന്നുവരെയായിട്ടും ഹജൂരാഫീസ്സിൽനിന്നും പുറത്തു വന്നിട്ടില്ല. പുറത്തു വരുകയുമില്ല. കടലാസ്സു് പൂഴ്ത്തൽ സമ്പ്രദായം ഹജൂരിൽ ഇനിയും അവസാനിച്ചിട്ടുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഉണ്ടാകും. Interested parties in hiding ഉണ്ടാകും. ഇതു കഴിഞ്ഞതിനുശേഷം നാളെ രാവിലെ അതുപുറത്തുവരും. ആവശ്യവും കഴിഞ്ഞില്ലേ! ഇതിനു മുമ്പു് വേറെ ഒരാൾക്കു വേണ്ടിട്ടാണു് വേറെ ഒരു കടലാസ്സു് പൂഴ്ത്തിയതു്. അതുപോലെ ഇവിടെയുള്ള ഒരാൾക്കു വേണ്ടിട്ടു് വേറെ ഒരാൾ പൂഴ്ത്തിയതിന്റെ ഫലമായിട്ടല്ലെ, ന്യ ദിവസം കഴിഞ്ഞിട്ടും ആ കടലാസ്സു് പുറത്തു വരാത്തതെന്നു് ഞാൻ ചോദിക്കുന്നു. ഞാൻ ചോദിച്ചിരുന്നതു് ആഗസ്റ്റു് സെപ്റ്റംബർ എന്നീ മാസങ്ങളിൽ ഫ൯ഒസ്-ലും, ഫ൯ർ൭-ലും പുറമെനിന്നു് ഇവിടെ കിട്ടിട്ടുള്ള അരി എത്രയാണു"? ചിങ്ങം, കന്നി ഈ മാസങ്ങളിൽ ഇവിടെ ശേഖരിച്ചിട്ടുള്ള നെല്ലെത്രയാണു"? ഇതൊക്കെയാണു്. തക്കസമയത്തു് ആളെ അയച്ചു് അരി ശേഖരിച്ചുവെച്ചിരുന്നു എങ്കിൽ കഴപ്പമുണ്ടോ? പിന്നെ എന്തിനാണു് ഈ കടലാസ്സു് പൂഴ്ത്തുന്നു? തുക എനിക്കറിയാം എത്രയാണെന്നു". ഫ ഫ ഫ-ൽ അനവധി ചീത്ത അരി വരുത്തിട്ടുണ്ടു്. ഇപ്പോൾ രണ്ടുംകൂടി കൂട്ടി യോജിപ്പിക്കാൻ പാടില്ലാത്തവിധത്തിൽ ആയിത്തീർന്നിട്ടുണ്ടെന്നും അറിയാം. ഒരു Information ചോദിച്ചാൽ അതു തരാൻ ഇത്ര വിഷമമോ? കഴിഞ്ഞകൊല്ലം ഈ രണ്ടു മാസം പുറത്തുനിന്നു വന്നതുപോലെ ഉള്ള അരി ഇക്കൊല്ലവും കിട്ടിയിട്ടുണ്ടു്. കൂടുതൽ കുറവുണ്ടെങ്കിൽ, വല്ലതും നൂറൊ, ആറിൽ താഴെയൊ ഉള്ള വ്യത്യാസമെയുള്ളു എന്നു് ഞാൻ പറയുന്നു. അല്ലെങ്കിൽ അങ്ങിനെയല്ല ഇത്രയാണെന്നു് നിങ്ങൾ പറയുവിൻ. ഇവിടെയുള്ള procurement-നെപ്പറ്റി പറയുകയാണെങ്കിൽ, മുകുന്ദപുരം താലൂക്കിലുള്ള വിളവു വെള്ളപ്പൊക്കംകൊണ്ടു് വളരെ മോശമായി എന്നും അതുമൂലം വിചാരിച്ചുപോലെ നെല്ലു് കിട്ടിയിട്ടില്ല എന്നും പറയുകയാണെങ്കിൽ ഞാൻ പറയുന്ന സാധാരണയിൽകവിഞ്ഞ ഒരു കുറവൊന്നും ഉണ്ടായിട്ടില്ല എന്നു്. കഴിഞ്ഞകൊല്ലം ആഗസ്റ്റു്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ ഫ ൦-ൽനിന്നു് എട്ടാക്കിയതാണു്. അന്നത്തെ കണക്കനുസരിച്ചു കൊച്ചിരാജ്യത്തു് ൫ മാസത്തെ ഭക്ഷണത്തിനുള്ള നെല്ലുണ്ടായിരുന്നു. കുറച്ചുകാലം കഴിഞ്ഞപ്പോൾ അതു് ൩ ആയി: പിന്നെ ൪ ആക്കി. കഴിഞ്ഞകൊല്ലത്തെ മന്ത്രി അവർകൾ പറഞ്ഞ കണക്കു നോക്കുകയാണെങ്കിൽ മൂന്നുമാസത്തേക്കുള്ള നെല്ലെ ഇവിടെയുള്ളു. ബാക്കി പതിനായിരം ടൺ എത്താണ്ടു വേണ്ടിവരും. അതുകൊണ്ടു് എത്താണ്ടു മുക്കാൽഭാഗവും അവിടെനിന്നു വരുത്തണം. ആദ്യം ഒന്നെ വന്നുള്ളു. ൪ വേഗം അയക്കാമെന്നു പറഞ്ഞു. അതിൽ രണ്ടു് ഇപ്പോൾ വരുമെന്നു പറഞ്ഞു, പക്ഷെ കണ്ടില്ല. ഇതിനെക്കുറിച്ചുള്ള കൂടുതൽവിവരങ്ങൾ സംസാരിക്കണം എന്നുദ്ദേശിച്ചാണു് ആദ്യത്തെദിവസം മറുപടികിട്ടത്തക്കവിധത്തിൽ ഞാൻ Short-notice question അയച്ചതു്. പക്ഷെ അതു് ഇവിടെ കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Govinda Menon *(Prime Minister)*: Sir, what I said was that the local procurement will constitute about 30,000 tons, about 1/4th of the total off-take per year. Apart from the procured paddy, there are a lot of people in Cochin—agriculturists—to whom paddy allowance is made. That would account for the disparity referred to by the Hon'ble Member.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: I am thankful to you, Sir, for that information. കൊച്ചിരാജ്യത്തെ സ്റ്റാറ്റിസ്റ്റിക്സ്സ് എടുത്തിട്ടില്ലെന്നു മാത്രമെ ഞാൻ സൂചിപ്പിച്ചുള്ളൂ. സ്റ്റാറ്റിസ്റ്റിക്സ്സ് എടുത്തു കഴിഞ്ഞാൽ ശരിയാകും. അതു ചെയ്യില്ലെങ്കിൽ ഇതിനു സ്റ്റാറ്റ. സ്റ്റിക്സ്സ് എന്നുപറയുവാൻ പാടില്ല. അതുകൊണ്ടു ഞാൻ പറയുന്നതു നമ്മുടെ അപേക്ഷ പ്രകാരം ഡൊമീനിയൻസ്റ്റാറ്റസ്സിന്റെ നിർദ്ദേശമനുസരിച്ചു് അന്യദിക്കുകളിൽനിന്നു് ഭക്ഷണസാധനങ്ങൾ കൊണ്ടുവന്നു നമ്മുടെ കായ്ങ്ങൾ നിവ്വഹിക്കാമെന്നുണ്ടെങ്കിൽ, അതു വെറും മൌഢ്യം മാത്രമാണു്. അതുകൊണ്ടു നമുക്കു ആവശ്യമുള്ള ഭക്ഷണസാധങ്ങൾ ഇവിടെതന്നെ ഉണ്ടാക്കുവാനുള്ള പരിശ്രമങ്ങൾചെയ്യു്, എന്തുതന്നെ ത്യാഗങ്ങൾ സഹിച്ചാലുംശരി സ്വയം സമ്പൂർണ്ണമാകുവാനുള്ള ഒരു പരിതഃസ്ഥിതിയിലെത്തണം. അങ്ങിനെ ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുന്നതിനും, ഉള്ളതിനെ വേണ്ടപോലെ നൽകുന്നതിനും, കൊച്ചിയെ സ്വയം സമ്പൂർണ്ണമാക്കിത്തീർക്കുന്നതിനുമുള്ള സാമ്പത്തികം ഇപ്പോഴില്ലെന്നു് ഞാൻ ആത്മാർത്ഥതയോടുകൂടി വിശ്വസിക്കുന്നു. ഇവിടെ കൃഷി വികസിപ്പിക്കുവാൻ എന്തൊക്കെയാണു് ചെയ്തിട്ടുള്ളതു്? ഒരുപ്പുനിലങ്ങളെ ഇരുപ്പുനിലങ്ങളാക്കുവാനും ഇരുപ്പുനിലങ്ങളെ മുപ്പുവ്വുനിലങ്ങളാക്കുവാനും, തരിശുഭൂമികളെ കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്തുവാനും, അല്ലെങ്കിൽ കൃഷിചെയ്യുവാൻ സാധിക്കുന്ന ആളുകൾക്കു പതിച്ചുകൊടുക്കുവാനുമായി കൃഷിയെ കൂടുതൽവികസിപ്പിക്കുവാൻ വേണ്ടി നിങ്ങൾ എന്തുചെയ്തിട്ടുണ്ടു്? എന്താണു് ഭൂമിയിൽ ചെയ്യേണ്ടതെന്നു വിവരമില്ലാത്ത ആളുകൾ വെറും വ്യണ. മാത്രം നികുതി കൊടുത്താൽ മതിയല്ലൊ എന്നുവിചാരിച്ചും, മറ്റുള്ളവർ അതുകൊണ്ടു നന്നാകുന്ന അസൂയവിചാരിച്ചും അനവധിഭൂമികൾ ഇന്നും തരിശായിട്ടു കിടക്കുന്നുണ്ടു്. ഇങ്ങിനെ തരിശുഭൂമികളായിട്ടു കിടക്കുന്ന അനവധി സ്ഥലങ്ങൾ, കണ്ണിനു കാഴ്ചയുണ്ടെങ്കിൽ കാറിൽപോകുന്നവഴിക്കുകൂടി കാണുവാൻ സാധിക്കും. കാറിൽനിന്നു് ഇറങ്ങി പുറമെ നടക്കുന്നവഴിക്കു് ഇതു് ധാരാളമായിട്ടു കാണുവാൻസാധിക്കും. ഇവിടെ കൃഷിചെയ്യാതെ തരിശായിട്ടുകിടക്കുവാൻ അനുവദിക്കുമൊ? എത്ര ഏക്കർ സ്ഥലം കൃഷിചെയ്യാതെ തരിശായി കിടക്കുന്നുണ്ടെന്നു ഞാൻ ഒരിക്കൽ ചോദിക്കുകയുണ്ടായി. ആ ചോദ്യത്തിനു് രണ്ടുകൊല്ലമായിട്ടും ഇതുവരെ മറുപടിപറഞ്ഞിട്ടില്ല. നിങ്ങൾ അതിന്റെ വിവരം തന്നിട്ടില്ലെങ്കിലും എനിക്കു് അതിന്റെകണക്കു മറുവഴിക്കു് അറിയുവാൻകഴിഞ്ഞിട്ടുണ്ടു്. ഈ റേഷൻതുടങ്ങിയതിന്നുശേഷം തരിശായിട്ടുകിടക്കുന്ന ഭൂമികളിൽ ഒരിഞ്ചെങ്കിലും നിങ്ങൾക്കൊട്ടുക്കുവാൻ സാധിച്ചിട്ടില്ല. കാരണം പരിശ്രമിക്കാത്തതുകൊണ്ടാണു്. അങ്ങിനെ പരിശ്രമിക്കാത്തതു നിങ്ങളുടെ മനസ്സിന്റെ കാഠിന്യംകൊണ്ടാണു്. അല്ലെങ്കിൽ മറ്റുള്ളവർ ചാകണമെങ്കിൽ ചത്തുകൊള്ളട്ടെയെന്നുള്ള ചുമതലാബോധം ഇല്ലാത്തതുകൊണ്ടാണു്. നിങ്ങളുടെ കുംഭം നിറഞ്ഞുകൊള്ളട്ടെയെന്നുള്ള ദുഷ്ടമനഃസ്ഥിതികൊണ്ടാണു്.

ഒരിക്കൽ വളരെ ആക്ഷേപങ്ങൾക്കിടയായ മന്ത്രി—അദ്ദേഹത്തിന്റെ ഭരണത്തിന്റെ ദുഷ്യമല്ല—വളരെ കോലാഹലങ്ങൾക്കിടയാക്കിയ ആ കാലത്തു കൃഷി വളർച്ചപ്പിക്കുന്നതിനും, നെല്ലു കൂടുതൽ ഉല്പാദിപ്പിക്കുന്നതിനും, അദ്ദേഹം ചില പദ്ധതികൾ കടലാസ്സിൽ എഴുതിയതു അവിടെത്തന്നെ കിടക്കുന്നതേയുള്ളു. അദ്ദേഹം അന്നുണ്ടാക്കിയ ചിലപദ്ധതികളിൽ വടക്കൻതാലൂക്കുകളിൽ ഉള്ളവക്കു്, പ്രത്യേകിച്ചു തലപ്പിള്ളി താലൂക്കുകാക്കു്, കൃഷിക്കു് ആവശ്യമായ വെള്ളം കൊടുക്കുന്നതിനു അന്നു് കൃഷിയുടെ ആവശ്യാർത്ഥം ഉണ്ടാക്കീട്ടുള്ള കുളങ്ങളുടെ അവശിഷ്ടങ്ങൾ ഇന്നും അവിടെ കാണുന്നതെങ്കിലും ഉപയോഗപ്പെടുത്തി ഒന്നു നേരേയാക്കി കൃഷിക്കുവേണ്ടതായ സൌകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നുള്ള മനസ്ഥിതി നിങ്ങൾക്കുണ്ടൊ സർ? ഫ ഫ ഫവു-ൽ കൊള്ളിമന്ത്രിയെന്നു പേരു സമ്പാദിച്ചിട്ടുള്ള ആ മന്ത്രിയുടെ കാലത്തു് കൊള്ളികൃഷിയുടെ പ്രോത്സാഹനാർത്ഥം കൃഷിക്കു യാതൊരു പരിചയവുമില്ലാത്തവരേക്കൊണ്ടു് കാടുവെട്ടി തെളിയിക്കുവാനും മറ്റും ൫൦ ക. മാത്രം ശമ്പളംകൊടുത്തു് സൂപ്രഡണ്ടാക്കിവെച്ചു ഒരാൾക്കു്, തൃശ്ശൂരിൽനിന്നു ചേറുക്കു പോകുന്ന ഇറക്കത്തു് ഒരു വലിയ കെട്ടിടം ഉയർന്നുവന്നതും, അതുപോലെയുള്ള മൌഢ്യങ്ങൾ എത്രയെണ്ണമാണുണ്ടായിട്ടുള്ളതെന്നതും നിങ്ങൾക്കു ഓർമ്മയുണ്ടല്ലൊ. നിങ്ങൾക്കു് പൊതുജനങ്ങളുടെ നന്മയെപ്പറ്റി ലവലേ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

ശം വിചാരമുണ്ടോ? അന്നതന്നെ കൊള്ളിക്ഷിചെയ്ത ആളുകൾക്കു് അതു പറിച്ചുട്ടക്കണമെങ്കിലും, പുറത്തുകൊണ്ടുപോകണമെങ്കിലുംനിങ്ങൾ വേണ്ടസമയത്തു് അനുവാദം കൊടുത്തിരുന്നുവൊ? അവർ ഉണ്ടാക്കിയ സാധനം വില്ക്കുവാൻപാടില്ല. അങ്ങിനെയുള്ള ആ പദ്ധതിക്കു് എത്രപണം ചിലവാക്കി, സർ, നിങ്ങൾ?

ഇപ്പോൾ നിങ്ങളുടെ നെല്ലെടുപ്പുപദ്ധതി വിജയകരമാണൊ? ഇപ്പോഴും അതു് ശരിയായിട്ടു എടുക്കുന്നില്ല. നെല്ലു് ഉള്ളിടത്തുനിന്നൊക്കെ എടുക്കണം. അതിനു് എന്തെല്ലാം തടസ്സങ്ങളുണ്ടെങ്കിലും അതിനേയൊക്കെ തട്ടിനീക്കണം. എല്ലാവക്കും റേഷൻ ഒരുപോലെതന്നെ കൊടുക്കണം. ചിലക്കു് രണ്ടുചാക്കു് അരിവീതം കൊടുക്കുന്ന സമ്പ്രദായം മാറണം. വീട്ടിൽ ഉള്ള ആളുകൾക്കും അവരുടെ ബന്ധുക്കൾക്കും അയൽപക്കക്കാക്കുംമറ്റും കണക്കാക്കിക്കൊടുക്കുന്ന സമ്പ്രദായമൊക്കെ മാറണം. ഒരു ജന്മിയുടെ പക്കൽനിന്നു് എടുത്ത നൂറുപറനെല്ലു് ആ ജന്മിയുടെ സ്വാധീനശക്തി ഉപയോഗിച്ചു തിരിയെ കൊണ്ടുകൊടുത്ത ഒരവസ്ഥയൊന്നും മേലിൽ വരാത്തനിലയിൽ കിട്ടാവുന്നിടത്തോളം നെല്ലുമുഴവനും നിങ്ങൾ ശേഖരിക്കണം. മദ്രാസ്സിലെ മന്ത്രിമാരുടെ കീഴിലുള്ള ഗവൺമെണ്ടുദ്യോഗസ്ഥന്മാർ സകലജന്മിമാരുടെ അടുക്കലും ചെന്നു്, ഓരോ താലൂക്കിലുംനടന്നുപോയി, പ്രവൃത്തിച്ചതിന്റെ ഫലമായി അവിടത്തെ ഫുഡ്മിനിസ്റ്റർ ഡോക്ടർ രാജൻ പറയുന്നു; അവിടത്തെ റേഷൻ വളരെ തൃപ്തികരമാണെന്നു്. ഞങ്ങൾ റേഷൻകുറക്കുകയില്ല, ഉള്ളറേഷനിൽ ഒട്ടും കുറയുവാൻപോലും അനുവദിക്കുകയുമില്ലായെന്നാണു് അവർ പറയുന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവിടെ റേഷൻ പത്തോ, എട്ടോ?

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അവിടെ പത്താണെന്നാണു് എന്റെ അറിവു്. വ്യ ഔൺസ്സു ഉള്ളൂവെന്നു് എന്റെ മറ്റൊരു സ്നേഹിതൻ പറയുന്നു. എട്ടെങ്കിൽ എട്ടു് സർ, അതെങ്കിലും ശരിയായിട്ടുകൊടുക്കുവാൻ നിങ്ങൾക്കു സാധിക്കുന്നുണ്ടൊ, സർ? ഭൂമിയിൽ പണിയെടുത്തു നെല്ലുണ്ടാക്കുന്നവക്കു വേണ്ടതായ പ്രോത്സാഹനം കൊടുക്കണമെന്നു് ഗവൺമെണ്ടു് നിർദ്ദേശിച്ചിട്ടുണ്ടു്. ഇന്നത്തെ പ്രധാനമന്ത്രിതന്നെ അന്നു് അതിനെ പിന്താങ്ങി സംസാരിച്ചിട്ടുണ്ടു്. അന്നുണ്ടായിരുന്ന മെമ്പർമാരും അതിനെ അനുവദിച്ചിട്ടുണ്ടു്. അങ്ങിനെ കൃഷിക്കാക്കു വേണ്ടതായ അനുകൂല്യങ്ങൾ ചെയ്തു് അവരെ പ്രോത്സാഹിപ്പിക്കണം.

Mr. President: The normal time is 15 minutes.....

Mr. P. Kumaran Ezhuthassan *(Vadakkancheri):* I shall finish in two minutes, Sir.

Mr. P. Govinda Menon *(Prime Minister):* Any constructive suggestion from the Hon'ble Member will be noted and made use of.

Mr. President: According to the rules no speech shall exceed the allotted time unless the President allows more than that.

Mr. P. Govinda Menon *(Prime Minister):* Sir, the official members are anxious in these anxious days to get suggestions and constructive criticisms about food.

Mr. President: Yes, the Hon'ble Member may continue.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: എന്റെ പ്രസ്താവനയുടെ ആത്മാർത്ഥത നിങ്ങൾ പരിപൂർണ്ണമായിട്ടു മനസ്സിലാക്കണം. എനിക്കു തരാനുള്ള നിർദ്ദേശങ്ങളൊക്കെ ഞാൻ നിങ്ങൾക്കു തന്നുകഴിഞ്ഞു. ഞാൻ ഇവിടെ പറഞ്ഞവിവരങ്ങൾ എഫ് എഫ് എയ്-ലേയും എഫ് എഫ് എൻ-ലേയും അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുനോക്കിയാൽ കാണാവുന്നതാണു്. നിങ്ങൾ ദേവസ്വത്തിലും, പാലിയത്തിലും കയ്യിട്ടുവെന്നു പറഞ്ഞതുകൊണ്ടൊന്നും കാര്യമില്ല. നിങ്ങളുടെ നെല്ലെടുപ്പുപദ്ധതി വളരെ അമാന്തമാണെന്നു പറയാതെതരമില്ല. നിങ്ങളുടെ യാതൊരു പ്രോത്സാഹനവുമില്ലാതെ പ്രകൃതിദേവിയുടെ അനുഗ്രഹംകൊണ്ടു് എവിടെയെങ്കിലും കൃഷിചെയ്തിട്ടുള്ള നെല്ല അതു വേലചെയ്തുണ്ടാക്കിയ സാധുകർഷകനു് ഒരു മണിപോലും കൊടുക്കാതെ വാങ്ങിക്കുവാൻ നിങ്ങൾക്കറിയാം. ഇതുകൊണ്ടൊന്നും കാര്യമില്ല. സർ ഞങ്ങൾ തരുന്ന നിർദ്ദേശങ്ങൾ നിങ്ങൾ സ്വീകരിക്കണം. പീച്ചി പിള്ളപദ്ധതികൾ നടത്തുവാൻസാധിക്കാത്ത നിങ്ങൾക്കു, മൻമന്ത്രിയായിട്ടു് കൊള്ളിക്ഷിനടത്തുവാൻ സാധി

LIBRARY ARCHIVES Kerala Legislative Assembly

ക്കാത്ത സ്ഥലങ്ങളിൽ ഇവിടെയുണ്ടാകുന്നതെല്ലാ മുഴവനും എടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ഞങ്ങൾക്കു് അതിൽ പ്രതിഷേധമുണ്ടു്. ഇവിടെയുള്ളസ്ഥലങ്ങളിൽ മുഴവനും കൃഷിചെയ്യുവാൻ നിങ്ങൾക്കു സാധിക്കാത്തപക്ഷം, കൃഷിക്കു് ആവശ്യമായ എല്ലാസാഹചര്യങ്ങളും നിങ്ങൾക്കു ചെയ്തുകൊടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, ഇവിടെയുണ്ടാകുന്ന നെല്ലുമുഴവനും നിങ്ങൾക്കു് എടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, നിങ്ങൾ സമ്മതിക്കുന്നപക്ഷം നിങ്ങളുടെ ഉദരാഭിമാനംവിട്ടു് വേറെ എവിടെക്കെങ്കിലും ഇതു് സാധിക്കുമോയെന്നു് പരീക്ഷിച്ചുനോക്കാനെങ്കിലും, കൊച്ചിരാജ്യപ്രജകളുടെ നന്മക്കുവേണ്ടി, ഒ ാ ാ ക. ശമ്പളവും, വീടലവൻസ്സും, കാറും, ആ കാറിൽനിന്നു പുറത്തിറങ്ങുകയില്ലെന്നുള്ള പ്രതിജ്ഞവിട്ടു ജനങ്ങളുടെ പ്രതിനിധികളാണെന്നു സ്വയംമനസ്സിലാക്കി, ജനപ്രതിനിധികളുടെ സഹായംകൊണ്ടാണു് നിങ്ങൾ അവിടെയിരിക്കുന്നതെന്നോർത്തു് നിങ്ങളെഅവിടെയിരിക്കുന്നതിനു് സഹായിച്ചതാരാണോ, ആരുടെ ശക്തികൊണ്ടാണോ നിങ്ങളെഅവിടെ എത്തിച്ചിരിക്കുന്നതു് ആ ആളുകളെമറക്കാതെ, അവരെ പുറംതള്ളാതെ, നിങ്ങളെസംബന്ധിച്ചു് അവക്കു് അന്യായമായിതോന്നുന്നതിനുമുമ്പു് അതു് തിരിച്ചേല്പിച്ചുകൊടുക്കുകയാണു് നല്ലതു്. എവിടെയാണു കൊടുക്കേണ്ടതെന്നു ഞാൻചെയ്ത കഴിഞ്ഞബഡ്ജറ്റ് വിമർശനപ്രസംഗത്തിനിടയിൽ, എന്റെ മാന്യസ്നേഹിതൻ ചോദിച്ചു, ഞാൻപറഞ്ഞു എവിടെനിന്നാണൊ അതുകിട്ടിയതു് എന്നുവെച്ചാൽ അവിടെ ആ മഹാന്റെ, തൃപ്പാദങ്ങളിൽ കൊണ്ടുപോയിവെച്ചു് അവിടത്തെ ബുദ്ധിശക്തിയനുസരിച്ചു പ്രവൃത്തിക്കാനുള്ള സൌകര്യം അവിടത്തേയ്ക്കുകൊടുക്കണമെന്നു് അതാണു ഞാൻ അന്നുപറഞ്ഞതു്. ഇപ്പോഴും ഞാൻപറയുന്നതു അതല്ല. രണ്ടുദിവസംമുമ്പു ഇവിടെനടന്ന സംഭവം ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു. നിങ്ങൾത്രാണിയുള്ളവരാണെങ്കിൽ ആ സ്ഥിതിയിലേയ്ക്കുത്തുമൊ എന്നു ഞാൻചോദിക്കുന്നു. അവർ ചെയ്തുതുഞാൻ ശരിവെയ്ക്കുകയല്ല. പക്ഷെ അങ്ങിനെചെയ്യാൻഅവർ നിബ്ബന്ധിതരായി. അല്ലെങ്കിൽ അവർ നിങ്ങളുടെ കടലത്തു് അങ്ങിനെ ചെയ്യുമൊ? പോരെങ്കിൽ ഗാന്ധിദേവന്റെഅനുയായികളാണു നിങ്ങൾഎന്നുദരാഭിമാനത്തോടുകൂടി തൊപ്പിയിട്ടിരിക്കുന്നകാലത്തു് ഇങ്ങിനെചെയ്യുമൊ? നിങ്ങൾക്കു മുൻകൈയുണ്ടെന്നു പ്രസ്സ്കോൺഫറൻസിൽ ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നതരത്തിലുള്ള സംഗതികൾപറഞ്ഞു തിരുവിതാംകൂറിൽ എയിഡസ് സ്കൂളുകളിൽ പതിനഞ്ചും പന്ത്രണ്ടും രൂപയാണു്. ബ്രിട്ടീഷിൽ അതിലും കുറവാണു്, അതിലുമൊക്കെഎത്രയോ കൂടുതൽഞങ്ങൾ ഇവിടെയുള്ളവക്കു കൊടുക്കുന്നുണ്ടു് എന്നും മറ്റും വളഞ്ഞുപിരിഞ്ഞുപറഞ്ഞുഅവിടെയിരിക്കുന്നതിനു ശ്രമിക്കാതെ, ബുദ്ധിപൂർവ്വം പ്രവൃത്തിക്കാൻ നിങ്ങൾക്കു പ്രാപ്തിയില്ലെങ്കിൽ ഞാൻ പറയുന്ന എന്റെസ്നേഹിതാ, പ്രീമിയറെ, വഴിമാറുകഎന്നു്. കെല്പുള്ളവക്കു ആസ്ഥാനം കഴിഞ്ഞുകൊടുക്കുക. എനിക്കു്നിങ്ങളേക്കാൾ ബുദ്ധിയില്ലെന്നു സമ്മതിക്കുന്നു. എനിക്കു അവിടെകയറിയിരിക്കാനുള്ള മോഹംകൊണ്ടല്ല ഞാൻ പറയുന്നതു്. ഞാൻസ്നേഹപൂർവ്വം നിങ്ങളോടപേക്ഷിക്കുന്നു ഒന്നുകിൽ ബുദ്ധിപൂർവ്വം പണിയെടുക്കുക അല്ലെങ്കിൽ അവിടെനിന്നു മാറുകഎന്നു്. അങ്ങിനെ ചെയ്യാത്തപക്ഷം വല്ലശാപവും നിങ്ങളുടെ തലയിൽവന്നുവീഴും. അതിൽനിന്നു നിങ്ങളെ നിങ്ങൾതന്നെ രക്ഷിക്കുവിൻ, അല്ലെങ്കിൽ മാറുവിൻ. അങ്ങിനെ ഈ രാജ്യത്തെ പട്ടിണിയിൽനിന്നു രക്ഷിക്കുവിൻ എന്നുപറഞ്ഞുതല്ക്കാലം ഞാൻ ഇവിടെയിരിക്കുന്നു.

*മിസ്സിസ്സ് കെ. എം. ആർ. മേനോൻ: സർ, ഈ അഡ്ജേൺമെന്റുമോഷനെപ്പറ്റി ഒന്നു രണ്ടു സജഷൻസ് തരാനാണു ഞാൻ എഴുന്നേറ്റുനില്ക്കുന്നതു്. വാസ്തവത്തിൽ ദാരിദ്ര്യം ഒരു രാജ്യത്തിലൊ ഒരു വീട്ടിലൊ വന്നുകൂടിയാൽ സ്ത്രീകൾക്കാണു്അതു അധികവും അനുഭവിക്കേണ്ടിവരികയെന്നുള്ളതിൽ യാതൊരുസംശയവുമില്ല. അതിലുംവെച്ചു മലയാളസ്ത്രീകൾക്കു ഒരു പ്രത്യേകതകൂടിയുണ്ടു്. അവർ കുടുംബത്തിലുള്ള പുരുഷന്മാരും കുട്ടികളും ഭക്ഷണം കഴിച്ചുതിനുശേഷം മാത്രമാണു ഭക്ഷണംകഴിക്കാറു്. മിക്കവീടുകളിലും അങ്ങിനെയാണു് പതിവു്. അപ്പോൾ ഈ ക്ഷാമമുള്ളകാലത്തു മറ്റുള്ളവർ ഭക്ഷിച്ചുതിനുശേഷം ഒടുവിൽനോക്കുമ്പോൾ പാത്രത്തിൽ ഒന്നുംകാണുകയില്ല. അതിനുവഴിയില്ല.. അതിനുപുറമെ ഭക്ഷണത്തെകുറിച്ചു സങ്കടപ്പെടുന്നതു എന്നുംസ്ത്രീകളാണു. കുചേലന്റെ കഥതന്നെ ആലോചിച്ചുനോക്കിയാൽമതി. കുചേലൻ കാലത്തെ കൂളിച്ചു രാമ രാമ കൃഷ്ണ കൃഷ്ണ എന്നുജപിച്ചു രാത്രിവരെ കഴിച്ചുകൂട്ടുമ്പോൾ ആഹാരമില്ലാതെ കുട്ടികൾ കഷ്ടപ്പെടുന്നതുകാണുന്നതും അതിനെകുറിച്ചു

*Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

[Mrs. K. M. R. Menon]

നേഛിക്കുന്നതും കുടുംബത്തിയാണ്. അപ്പോൾ ദാരിദ്ര്യംകൊണ്ടുള്ള ബുദ്ധിമുട്ടുകളും അധികവും അനുഭവിക്കേണ്ടിവരുന്നവർ സ്ത്രീകളാണെന്ന പുരാണങ്ങളിൽനിന്നുതന്നെ നമ്മൾക്ക് മനസ്സിലാക്കാൻ കഴിയും.

ഇപ്പോഴത്തെ ഈ ഭക്ഷണക്ഷാമം ഒരു രാജ്യത്തിൽ മാത്രമല്ല എല്ലാരാജ്യത്തിലുമുണ്ടായിട്ടുള്ളതാണ്. അതു ഗവൺമെണ്ടിന്റെകുറ്റംകൊണ്ടോ മന്ത്രിമാരുടെകുറ്റംകൊണ്ടോ ഉണ്ടായിട്ടുള്ളതല്ല. ജനങ്ങളുടെകുറ്റമാണെന്നാണ ഞാൻപറയുന്നതു്. ജനങ്ങളാണ് അതിനു പ്രതിവിധികാണേണ്ടതു്. ചോറു"മമ്പിൽ കൊണ്ടുവന്നതന്നാലെ ഉണ്ണുകയുള്ളുവെന്ന പറയുന്നുവെങ്കിൽ അതു ജനങ്ങളും പട്ടിണികിടക്കണം. ഇന്നത്തെ നിലയിൽ നു ഔൺസേ ഒരാൾക്കുകൊടുക്കാൻ നിവൃത്തിയുള്ളുവെങ്കിൽ അതിൽ കൂടുതൽ ഗവൺമെണ്ടു കൊടുക്കരുതു്. ചോറുകൊണ്ടുമാത്രമെ വയറുനിറയ്ക്കാൻപാടുള്ളുവെന്ന ഒരുധാരണ മലബാറുകാർക്കുണ്ടു്. നു ഔൺസരിയും രണ്ടൗൺസ് ഗോതമ്പൊ മറ്റെന്തെങ്കിലുമോ ഭക്ഷിക്കുന്നതായാൽ അതിൽ തെറ്റില്ല. ഉഴുന്നാണെങ്കിൽ മനുഷ്യന്റെ ആരോഗ്യത്തിനാനല്ലതാണ്. പരിപ്പു "ഉഴുന്നു്,ഗോതമ്പു്"എന്നീസാധനങ്ങളും കഴിച്ചാൽ വളരെ നല്ലതാണു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: അതു് എവിടെനിന്നുകിട്ടും?

മിസ്സിസ് കെ. എം. ആർ. മേനോൻ; ഗവൺമെണ്ടു ഉണ്ടാക്കിതന്നില്ലെങ്കിൽ ജനങ്ങൾതന്നെ ഉണ്ടാക്കണം. രണ്ടുകൊല്ലത്തിനുമുമ്പു പണ്ഡിറവ് കൺസ്ട്രക്ടേരളത്തിൽവന്നു. അന്നു ഞാൻ കാഥിയും നേരുപ്പുഴവും അദ്ദേഹത്തിനുകൊണ്ടുകൊടുത്തപ്പോൾ അദ്ദേഹം എന്നോടു പറഞ്ഞു, "ഈ മലബാറിലാണൊക്ഷാമം. ഇത്രയധികം പഴങ്ങളുണ്ടാകുന്ന മലബാറിൽ എതുവിധത്തിലാണ ക്ഷാമമുണ്ടാകുകഎന്നു്. വാസ്തവത്തിൽ ഓരോരുത്തക്കും അവരുടെ ആവശ്യമനുസരിച്ചു ഒരു പത്തുവാഴയെങ്കിലും വെയ്ക്കാൻ വിഷമമില്ല. പറമ്പില്ലാത്ത പാവങ്ങൾക്കാണെങ്കിൽ ഭൂമിയധികംഉള്ളവരുടെ പറമ്പിൽ കുറച്ചുവാഴവെയ്ക്കാൻ സ്ഥലംചോദിച്ചാൽ കൊടുക്കാതെയിരിക്കുകയില്ല. പിന്നെ, പൊടിയരിയാണുകൊടുക്കുന്നതെന്നുപറഞ്ഞു. അതാരുടെ കുറ്റംകൊണ്ടാണെന്നറിഞ്ഞുകൂടാ. അതു ഫുഡ്ഡിപ്പാർട്ടുമെണ്ടിന്റെപേരിൽ ഒരുതെറ്റുകുറ്റമാരോപിക്കുകയാണെന്നാണ് എന്റെ വിശ്വാസം. കിട്ടുന്നതു് അതാണെങ്കിൽ അതല്ലെകൊടുക്കാൻ നിവൃത്തിയുള്ള. ഈയിടെ മഹാത്മജിപറഞ്ഞു ഓരോമനുഷ്യനും ദിവസം ഓരോമണിക്കൂർനേരം ചക്കുതിരിക്കുകയാണെങ്കിൽ ഇപ്പോഴത്തെ തുണിക്ഷാമം പോകുമെന്നു്. അതുപോലെ ഓരോമനുഷ്യനും ദിവസത്തിൽ ഓരോമണിക്കൂർ വല്ലഭക്ഷണസാധനങ്ങളും കൃഷിചെയ്തുണ്ടാക്കുകയാണെങ്കിൽ ആവശ്യമുള്ള ഭക്ഷണസാധനങ്ങളുണ്ടാകും. അങ്ങിനെ ഭക്ഷണക്ഷാമംതീരും. അരിതന്നെ ഭക്ഷിക്കണമെന്നില്ല ഒന്നുമില്ലെങ്കിൽ ചീരവെച്ചുണ്ടാക്കുന്തൊ? ദേഹത്തിനുവളരെനല്ലതാണ് പിന്നെപണ്ടൊക്കെയാണെങ്കിൽ ഒരണയ്ക്കുരുകൊട്ടചാമകിട്ടും. അതിനിപ്പോഴും നിവൃത്തിയായില്ല. അതിനു ഗവൺമെണ്ടുവിചാരിച്ചാൽ നിവൃത്തിയുണ്ടാക്കാൻ സാധിക്കും. ഇപ്പോഴും ഊട്ടിയിൽ ഫിഷ്പോണ്ട്സ് കെട്ടിയുണ്ടാക്കി അതിൽ മത്സ്യം ശേഖരിച്ചു സാധുക്കൾക്കു വിലകുറച്ചു കൊടുക്കുന്നുണ്ടു്. അതു ഗവൺമെണ്ടു നടത്തുന്നതാണ്. അങ്ങിനെ അവിടത്തന്നെയല്ല മറ്റു പല സ്ഥലങ്ങളിലുമുണ്ടു്. അങ്ങിനെ പോണ്ട്സ് കെട്ടിയുണ്ടാക്കി മത്സ്യം ശേഖരിച്ചു സാധുക്കൾക്കു കൊടുക്കാൻ കഴിയും. പിന്നെ പൌൾട്രിഫാറം. അതിനു ജനങ്ങളെ ഉത്സാഹിപ്പിക്കുക. അത്തരത്തിൽനോക്കിയാൽ കോഴിമുട്ട, ഇറച്ചി മുതലായി ഭക്ഷണത്തിനു ധാരാളം സാധനങ്ങളുണ്ടാക്കാൻ കഴിയും.

ബഹുമാനപ്പെട്ട മെമ്പർ കുമാരനെഴത്തച്ഛൻ ഇവിടെ പ്രസംഗിച്ചുതിനുശേഷം വല്ല ഗ്രാമത്തിലുംപോയി ക്ഷേണസാധനങ്ങൾ ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ചും മറ്റും പ്രായോഗികമായതരത്തിൽ ജനങ്ങളോടു സംസാരിച്ചിരുന്നെങ്കിൽ അതു കുറെകൂടി ഉപകാരപ്രദമാകുമായിരുന്നേനെ. യുദ്ധം തുടങ്ങിയപ്പോൾ മലയായിൽ ഒരു ഗവൺമെണ്ടു് മാർഡർ ഉണ്ടായിരുന്നു. എല്ലാവീട്ടിലും എന്തെങ്കിലും വെജിറ്റബിൾസ് കൃഷിചെയ്യണമെന്നു് ആജ്ഞതോറും ഉദ്യോഗസ്ഥന്മാർ വന്നുനോക്കും. അങ്ങിനെ കൃഷിചെയ്യാത്തവർക്കു fine ഇടും. ഇവിടെ ഇപ്പോൾ കൃഷിഡിപ്പാർട്ടുമെണ്ടുണ്ടു്. അവരുടെ ഒക്കെ എന്തെങ്കിലും കൃഷിചെയ്യാനുള്ള ഒരു നിഷ്കൃഷ്ട ഗവൺമെണ്ടു് എടുത്തിരുന്നെങ്കിൽ ഭക്ഷണക്ഷാമം ഇത്രത്തോളം വരികയില്ലായിരുന്നു. കേരളം പ്രകൃതീദേവി നല്ലവണ്ണംകടാക്ഷിച്ചിട്ടുള്ള ഒരു രാജ്യമാണ്. മലബാറിൽ ഭക്ഷണക്ഷാമംവന്നാൽ പിന്നെ ഏതൊരുരാജ്യത്തിലാണ ഭക്ഷണക്ഷാമം വരാതെയിരിക്കുക എന്നു മഹാത്മജിതന്നെ പലപ്പോഴും പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഫുഡ്ഡിപ്പാർട്ടുമെണ്ടിനെ കുറ്റംപറയാതെ, അരികൊണ്ടുമാത്രം ഭക്ഷണം കഴിച്ചുകൂട്ടാൻ ആലോചിക്കാതെ മറ്റെന്തെങ്കിലും ഭക്ഷണസാധനങ്ങൾക്കെ കൃഷി ചെയ്ത ഭക്ഷണക്ഷാമം പരിഹരിക്കാൻ ശ്രമിക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

Mr. M. I. Paul *(Narakkal)*: On a point of information. My motion is to be moved along with the motion of Mr. Kumaran Ezuthassan was not given a chance to move my motion.

Mr. President: The rule is, when there are two motions not substantially dfiierent from on another only one motion will be allowed, but the other Hon'ble Member can speak. Both the motions will not be formally moved. One motion will be moved and the other Hon'ble Member can speak.

മിസ്റ്റർ എം. ഐ. പോൾ: ഡർ ഇന്നത്തെ ഭക്ഷണ ക്ഷാമത്തെ സംബന്ധിച്ചു നാം അനുഭവിക്കുന്ന വിഷമങ്ങളെപ്പറ്റി മിസ്റ്റർ കുമാരനെഴുത്തച്ഛൻ പലതും പറഞ്ഞു കഴിഞ്ഞു. ഇന്നത്തെ നെല്ലെടുപ്പുസമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്തണമെന്നെനിക്കഭിപ്രായമുണ്ട്. അതിനു ചില നിർദ്ദേശങ്ങളും തരാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇപ്പോൾ കൃഷിക്കാരനു് അവന്റെ റേഷൻ മുഴുവൻ അനുവദിച്ചുകൊടുത്തു ബാക്കിയുള്ള നെല്ല മാത്രമെ എടുക്കുന്നുള്ളു. അതു ചിലക്കു ബാധകവുമല്ല. സ്റ്റോറിൽ ഉള്ളതെല്ല മുഴുവനും ഗവണ്മെണ്ടിലേയ്ക്കു കമാണ്ടിയർ ചെയ്യണം. പക്ഷെ അരിക്കുവില കൂട്ടാതെ നെല്ലിനു കൃഷിച്ചിലവിന്റെ തോതു അനുസരിച്ചു സംഖ്യ കുറച്ചു കൂട്ടിക്കൊടുത്താലും തരക്കേടില്ല. ഇപ്പോൾ ഫ. കു. നു. വെച്ചു നെല്ലെടുക്കുന്നതു കൃഷിക്കാരനു നഷ്ടമാണു്. പത്രങ്ങളിലും മറ്റും പ്രസ്താവനകളും കാണുന്നുണ്ടു് ക്ഷേണനില ഭാവിയിൽ ഭയങ്കരമായിരിക്കുമെന്നു് ഈ പ്രമേയം അടുത്തുണ്ടായ ഒരു അടിയന്തിര കാര്യത്തെ കുറിച്ചു മാത്രമെ കൊണ്ടുവരാൻ പാടുള്ളുവെന്നു നിയമമുണ്ടെങ്കിലും, ഒരു ദ്രോഹം എന്റെനേരെ ഉണ്ടാകുമെന്നുകണ്ടാൽ മുമ്പുതന്നെ അതിനുവേണ്ട തടകളിടുക എന്ന നിലവെച്ചു് നോക്കുമ്പോൾ ഭാവിയിൽ നമ്മൾക്കനുഭവിക്കാൻ പോകുന്നവിഷമങ്ങൾക്കു പരിഹാരമുണ്ടാക്കേണ്ടതാണു്. അതുവെച്ചു നിങ്ങൾക്കു ചിലനിർദ്ദേശങ്ങൾ തരാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ഫുഡ്അഡൈ്വസറിക്കമ്മിറ്റിയിൽ മെംബറാണു്. ഞാൻ ഈ നിയമസഭയിൽ വന്നകാലത്തുതന്നെ ഒരു പ്രമേയമായിരുന്നു. കടലോരപ്രദേശങ്ങളിലെ പുഴകളിൽ വെള്ളക്കുറവുള്ള സ്ഥലങ്ങൾ ബണ്ടടപ്പു് ചെയ്തു കൃഷിനടത്തണമെന്നു്. എന്നാൽ അങ്ങിനെയുള്ള ഒരു പ്രമേയത്തെ കുറിച്ചു ഈ നിയമസഭയിൽ വാദപ്രതിവാദം നടത്താൻ സാധിച്ചില്ല. ഫുഡ്അഡൈ്വസറിക്കമ്മിറ്റിയിൽനിന്നു ഇതിനെ സംബന്ധിച്ചു പലപ്രമേയങ്ങളും അയച്ചിരുന്നു. ഗവണ്മെണ്ടിന്റെ മറുപടികിട്ടിട്ടുള്ളതു Resolution is received and recorded or will be considered." എന്നു മാത്രമാണു്. പല അവസരങ്ങളിലും ഇത്തരം മറുപടികൾ ഗവണ്മെണ്ടിൽ നിന്നു കിട്ടിട്ടുണ്ടു്. നിർദ്ദേശങ്ങൾ ഇതുകമ്മിറ്റി മന്ത്രിമാരുടെ മുമ്പിൽവെച്ചുതന്നെ വാദപ്രതിവാദം നടത്താനുള്ള അവസരം ഉണ്ടാക്കണമെന്നു A. S. O. നോടു് ഞാൻ അവശ്യപ്പെട്ടു. അതു അദ്ദേഹംതന്നെ ഡയറക്ടർവഴി മന്ത്രിമാരോടാവശ്യപ്പെട്ടിട്ടുണ്ടെന്നു എന്നോടുപറഞ്ഞിട്ടുണ്ടു്. പക്ഷെ മന്ത്രിമാരുടെ ജോലിത്തിരക്കു കൊണ്ടോ മറ്റൊ മന്ത്രിമാക്കു അതിനുസമയമുണ്ടായില്ല. അതുകൊണ്ടു് ഈ അവസരത്തിലെങ്കിലും എനിക്കുപറയാനുള്ളതു പറഞ്ഞുകൊള്ളട്ടെ. എന്റെ മുൻപ്രമേയത്തെ സംബന്ധിച്ചു ചിലസവ്വെ ചെയ്യുവെന്നു എനിക്കറിയാം. കടലോരപ്രദേശങ്ങളിലെ സ്ഥലങ്ങൾ ബണ്ടടപ്പു് ചെയ്യുകയാണെങ്കിൽ ഉദ്ദേശം @ ൦ ൦ ൦ ഏക്കറോളം സ്ഥലങ്ങൾ കൃഷിക്കുപയുക്തമാക്കിത്തീർക്കാൻ സാധിക്കും. പക്ഷെ അതിനു വലിയ വലിയ സംഖ്യകൾ ചിലവുവരും. ഒരുപക്ഷെ ഗവണ്മെണ്ടിനു ഇതു സാധിച്ചില്ലെങ്കിൽ മറ്റുള്ളവരെ അതിനുപ്രോത്സാഹിപ്പിക്കുകയോ ഒരു Trust നെ ഏല്പിപ്പിക്കുകയൊ അല്ലെങ്കിൽ പലരുടേയും പണം ബാങ്കിൽ കിടപ്പുണ്ടു്; അതെടുത്തു ന്യായമായ പലിശ അവർക്കൊടുത്തു ഈ പ്രവർത്തനം നടത്തുകയോ ചെയ്യണം. അല്ലെങ്കിൽടെണ്ടർ വെച്ചു ഈ സ്ഥലം ആരെയെങ്കിലും പാട്ടത്തിനുകൊടുക്കുക. പക്ഷെ, ടെണ്ടർ എടുക്കുന്ന ആൾക്കു ഈ സ്ഥലം ചിലവ്യവസ്ഥകളിന്മേൽ ലേലം വിളിച്ചുകൊക്കാനുള്ളഅധികാരംകൂടി കൊടുക്കണം. എന്നാൽ ഇതിനു ഗുണകളുണ്ടാകുമെന്നാണെനിക്കു തോന്നുന്നതു്.

പിന്നെ ചാലക്കുടിപ്പുഴ ഇറിഗേഷൻ പദ്ധതി അനുസരിച്ചു ബണ്ടടപ്പുചെയ്തു വെള്ളം നിറുത്തിയാൽ ഒരുപ്പുനിലങ്ങളും ഇരുപ്പുനിലങ്ങളായും ഇരുപ്പുനിലങ്ങൾ മുപ്പുനിലങ്ങളായും മാറ്റാൻകഴിയും. അങ്ങിനെ അനേകായിരം ഏക്കർസ്ഥലങ്ങൾ അവിടെ കൃഷിചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. I. Paul]

സാധിക്കും. അതുകൂടാതെ മലകളിൽ കൃഷിചെയ്യാൻ പറ്റിയസ്ഥലങ്ങൾമുഴുവനും — പണ്ടത്തെ ഹിൽപ്ലിഡാ കൺട്രിയേക്കാൾ സ്ഥിതിപ്രകാരമല്ല — വ്യക്തികൾക്കു ന്യായമായ വ്യവസ്ഥകളിന്മേൽപാട്ടത്തിനു കൊടുത്തു അവക്കു പ്രോത്സാഹനം നൽകുകയാണെങ്കിൽ അനവധി നെല്ലുണ്ടാക്കാൻ കഴിയും.

നമ്മുടെ ഇന്നത്തെ ഭക്ഷണനില വു മാസത്തേയ്ക്കുള്ള ഭക്ഷണത്തിനു് അന്യരാജ്യങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. ആ നില എന്നും സുരക്ഷിതമല്ല, അന്യരാജ്യങ്ങളിൽ കൃഷിമോശംവരുന്നപക്ഷം നമ്മൾ സങ്കടമനുഭവിക്കേണ്ടിവരും. ആ സ്ഥിതിക്കു നമ്മൾക്കു സ്വന്തം കാലിന്മേൽനില്ക്കാൻതക്കവിധം നമ്മുടെ കൃഷികൾ വികസിപ്പിക്കണം. അതിനുവേണ്ട പദ്ധതികൾ വേണം. ഇന്നത്തെ നില ഭയങ്കരമായിത്തീരുമെന്നു ഈ നിയമസഭയ്ക്കു തോന്നുന്ന പക്ഷം, ഇതിലേക്കുവമ്പിച്ചതോതിലുള്ള പണച്ചിലവുകൾ വേണ്ടിവന്നാൽ തന്നെയും ചിലപദ്ധതികളെതല്ക്കാലംനിറുത്തിവെച്ചുകൊണ്ടു ആ പണം ഇതിനായിഉപയോഗിച്ചു കൃഷിവർദ്ധിപ്പിക്കണമെന്നു ഉപദേശിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ. പുതൂർ അച്യുതമേനോൻ: പ്രസിഡെണ്ടു് സർ, ഈ മന്ത്രിമാരുടെപേരിൽ ആക്ഷേപമുണ്ടെന്നുകാണിക്കത്തക്ക രീതിയിൽ അല്ലെങ്കിൽ ഇന്നത്തെ നെല്ലുദ്ദ്യോഗരീതി പരിപൂർണ്ണമായ വിജയത്തിൽ എത്തിയിട്ടില്ല; അതിനു നിങ്ങൾ കുറക്കാരാണെന്നു തോന്നത്തക്ക രീതിയിലുള്ള ഒരു പ്രശ്നമായിട്ടല്ല ഇതിനെ വീക്ഷിക്കേണ്ടതെന്നതുകൊണ്ടാണു ഞാൻ ഈ പ്രമേയത്തിന്റെ വാദപ്രതിവാദത്തിൽ പങ്കുകൊള്ളാനിടയായതു്. മന്ത്രികക്ഷികളിൽ പെട്ടവരുടെ മാത്രമല്ല, എതുകക്ഷിയിൽ പെട്ടവരുടേയും സകലവിധകഴിവുകളും ഒന്നായി പ്രയോഗിച്ചു നേരിടേണ്ട ഒന്നാണു് ഇന്നത്തെ ഭക്ഷണപ്രശ്നം. ഇതു കൊച്ചിയിലെ മാത്രം ഒരു സംഭവമല്ല. നാലഞ്ചു ദിവസങ്ങൾക്കു മുമ്പുള്ള പത്രങ്ങൾ എടുത്തുനോക്കിയാൽ യുദ്ധകാലത്തു മരിച്ചതിനേക്കാൾ എത്രയോ കൂടുതൽ ജനങ്ങൾ ഭക്ഷണക്ഷാമംകൊണ്ടു് ഇനി മരിക്കാൻ ഇടവരുമെന്നു പ്രസ്താവിച്ചിട്ടുള്ളതായികാണാൻകഴിയും. ഇങ്ങിനെയുള്ള ഒരുപരിതഃസ്ഥിതിയിലാണു് ഈ പ്രശ്നത്തെക്കുറിച്ചു ഈ നിയമസഭ വാദപ്രതിവാദം നടത്തുന്നതു്. അതർഹിക്കുന്ന ഗൌരവത്തോടുകൂടിത്തന്നെ ഗവൺമെണ്ടു് ഇതിനെ വീക്ഷിക്കുമെന്ന വിശ്വാസത്തോടുകൂടിയാണു ഞാൻ ഇതിൽ പങ്കെടുക്കുന്നതു്. കൊച്ചിയിൽ ഭക്ഷണപ്രശ്നം കൊടുമ്പിരികൊണ്ടതു് അരിറേഷൻ ന്യ ഒൺസാക്കിയതിനു ശേഷമല്ല. ഭക്ഷണസാധനങ്ങളുടെ കച്ചവടവും അതിനെ സംബന്ധിച്ച ഗവൺമെണ്ടിന്റെ രൂളിംഗും മറ്റും നോക്കിയാൽ ഫ്രീ. ഔൺസ് ഫ്രം ഔൺസായും, ഫ്രം ഔൺസ് വു ഔൺസായും, വു ഔൺസ് ന്യ ഔൺസായും കുറഞ്ഞിട്ടുള്ളതു കാണാൻ കഴിയും. പക്ഷെ കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ചു നെല്ലുദ്ദ്യോഗരീതിയിൽ വലിയ മാറ്റം വന്നിട്ടുണ്ടു്. ഇതിനുമുമ്പെടുത്തിട്ടില്ലാത്ത പല സ്ഥലങ്ങളിൽനിന്നും ഇന്നു നെല്ലെടുത്തിട്ടുണ്ടു്. കയറിച്ചെല്ലാൻ ധൈര്യപ്പെടാതെയിരുന്ന പല സ്ഥലങ്ങളിൽനിന്നും നെല്ലെടുക്കാൻ ഇന്നത്തെ ഗവൺമെണ്ടിനു കഴിഞ്ഞതിട്ടുണ്ടെന്നുള്ളതു മറച്ചുവെയ്ക്കാൻ സാദ്ധ്യമല്ല. വേണ്ടപോലെ ഇനിയുമായിട്ടില്ലെങ്കിൽ അതിനുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കണം. അതനുസരിച്ചുനെല്ലുദ്ദ്യോഗപ്രശ്നമല്ല. ഇന്നു നടക്കുന്ന ഈ സകലകലാപങ്ങളും അരച്ചാൺവയറിനുവേണ്ടിയാണെന്നുപറയാതെതരമില്ല. വയർപൊരിയുന്നസമയത്തുഗവൺമെണ്ടിന്റെ അനുവാദത്തോടുകൂടിയല്ലെങ്കിലും പൂട്ടിക്കിടക്കുന്ന അറകൾ തുറക്കപ്പെടുമെന്നാണുഞാൻ പറയുന്നതു്. അതിനിടവരുത്താതെ നോക്കേണ്ടകടമ എല്ലാവർക്കുമുണ്ടു്.

എനിക്കു തോന്നിയ ഒന്നുരണ്ടു നിർദ്ദേശങ്ങൾ മാത്രമാണു ഞാൻ ഈ സന്ദർഭത്തിൽ ഗവൺമെണ്ടിനു കൊടുക്കുവാൻ ആഗ്രഹിക്കുന്നതു്. എന്റെ സ്നേഹിതൻ മിസ്റ്റർ. എം. ഐ. പോൾ പറഞ്ഞതു വലിയൊരു കാര്യമാണു്. ചിലർക്കുതോന്നാം അതൊരു വിപ്ലവമാകുമെന്നു്. കൊച്ചിയിലെ നെല്ലുമുഴുവൻ കമാണ്ടിയർ ചെയ്യുക: അതു വിപ്ലവമല്ലെ എന്നു ചിലർക്കു തോന്നാം. ഞാൻ അത്രത്തോളം പോകാൻ ഇപ്പോൾ പറയുന്നില്ല. പക്ഷെ, അതാണു ശരിയായ ലക്ഷ്യം. അതുയും നമ്മൾ ചെയ്തില്ലെങ്കിലും ന്യ ഔൺസ് അരി ഇന്നു കിട്ടുന്നതിൽനിന്നു കുറയാതെ അതു കിട്ടാനുള്ള വഴിയെക്കുറിച്ചു ആലോചിക്കേണ്ടതുണ്ടു്. നെല്ലെടുപ്പിനെ സംബന്ധിച്ചു, നെല്ലു ജനങ്ങൾക്കു വീട്ടുകൊടുക്കുന്നതിനെ സംബന്ധിച്ചു ചിലർ ചില നിർദ്ദേശങ്ങൾ കൊടുക്കുന്നതിനു ശ്രമിച്ചിട്ടുണ്ടു്. നെല്ലില്ലാത്തവർക്കു് ന്യ ഔൺസും ഉള്ളവർക്കു് അതിന്റെ അനേകം ഇരട്ടി ഔൺസും എന്ന സമ്പ്രദായം മാറുക. ചില്ലറ സാമൂ

LIBRARY ARCHIVES Kerala Legislative Assembly

മെങ്കിലും ഉള്ളതരത്തിൽ പ്രവത്തിക്കുക. പീച്ചിസ്ക്കീമുണ്ടാക്കണം, ചാലക്കുടി സ്ക്കീമുണ്ടാക്കണം എന്നൊക്കെ പറഞ്ഞാൽ അതു് അടുത്ത അവസരത്തിൽ ഉണ്ടാകാൻ പോകുന്നില്ല. പീച്ചിയും ചാലക്കുടിയും സ്ക്കീമുകൾകൊണ്ടു നെല്ലുണ്ടാകും. പക്ഷെ അതിനു മുമ്പു കുറെ നെല്ലും മറ്റു ഭക്ഷ്യസാധനങ്ങളുമുണ്ടാക്കണം. ഗവമ്മെണ്ടു നാട്ടിൻപുറങ്ങളിലുള്ള ചില വലിയ കുളങ്ങൾ നന്നാക്കി പമ്പുവെച്ചു വെള്ളംകൊടുത്താൽ ഇന്നു ആയിരപ്പറ നെല്ലുകിട്ടുന്ന സ്ഥലങ്ങളിൽനിന്നു് അയ്യായിരപ്പറ നെല്ലുകിട്ടാതെയിരിക്കയില്ല. അതുപോലെ എന്റെ നിയോജക മണ്ഡലത്തിൽ കാട്ടൂർ തെക്കെപാടത്തു കുറച്ചുപണം ചിലവുചെയ്താൽ വളരെയധികം നെല്ലുകിട്ടുന്നതാണു്. അതു നടപ്പാക്കുമെന്നു വിശ്വാസമുണ്ടു്. കാരണം ഭക്ഷണപ്രശ്നമാണു്. ഗവമ്മെണ്ടു് ഇതു വളരെ കായ്മയായി ആലോചിച്ചുവരുന്ന സംഗതിയാണു്. ഗവമ്മെണ്ടിനു് ഈ പദ്ധതികൾ നടപ്പാക്കണമെന്നു് ഉദ്ദേശമുണ്ടു്. മറ്റുള്ളവർ ഇതിനുമുമ്പു കടന്നുചെല്ലാൻ ഭയപ്പെട്ടിരുന്ന സ്ഥലങ്ങളിൽ ഈ ഗവമ്മെണ്ടു കടന്നുചെന്നു നെല്ലെടുത്തിട്ടുണ്ടെന്നു നിങ്ങൾ അറിയണം. എന്തുകൊണ്ടു ഇനിയും കൂടുതൽ സ്ഥലങ്ങളിൽ കടന്നുചെല്ലാൻ മടിക്കയില്ലെന്നു നിങ്ങൾ വിശ്വസിക്കുന്നില്ല! അതുപോലെതന്നെ പീച്ചിസ്ക്കീമും ചാലക്കുടി സ്ക്കീമും ഉടനടിനടപ്പാക്കാൻ നമ്മൾക്കു സാധിക്കണം. കാരണം ഈ ഭക്ഷണപ്രശ്നം ഇന്നോ നാളെയൊ അവസാനിക്കാൻ പോകുന്നില്ല. ഇതു കുറെക്കാലത്തേക്കു നിണ്ടുപോകുന്നതാണു്. അതുകൊണ്ടു് ഈ പദ്ധതികൾകൂടി നടപ്പാക്കാനുള്ളപണം കാണണം. ആ പദ്ധതികൾ നടപ്പാക്കണം, അതോടുകൂടി അതു നടപ്പാകുന്നതുവരെ ഇന്നുള്ള സ്ഥലങ്ങളിൽ നിന്നുതന്നെ കൂടുതൽ നെല്ലുണ്ടാകാനുള്ളസൌകര്യങ്ങളുണ്ടാക്കികൊടുക്കണം. അതുപോലെതന്നെ നെല്ലു മുതലായ സാധനങ്ങൾ പുറത്തേയ്ക്കു കടത്തികൊണ്ടുപോകാതെ നോക്കേണ്ടതുണ്ടു്. മരക്കിഴങ്ങു, കായ മുതലായ സാധനങ്ങൾ കടത്തികൊണ്ടുപോകാൻ ഇന്നു തടസ്സമുണ്ടു്. പക്ഷെ, അതു കുറെക്കൂടി ശക്തിയായി തടയാതെ തരമില്ല. എന്റെ നിയോജകമണ്ഡലത്തിൽ കാട്ടൂർ എന്ന സ്ഥലത്തു ബ്രിട്ടീഷുകാക്കു ഭൂമിയുണ്ടു്. അവിടെനിന്നു ബ്രിട്ടീഷിലേയ്ക്കു നെല്ലു കടത്തിക്കൊണ്ടുപോകാൻ സൌകര്യമുണ്ടു്. അവിടെയുള്ള പുഴകടന്നാൽ ബ്രിട്ടീഷാണു്. ആ പുഴയുടെ അടുത്താണു് അവരുടെ കളപ്പാടുകൾ കൊയ്യുന്ന നെല്ലു അവിടെ കൊണ്ടുവന്നു ശേഖരിക്കും. അവിടെനിന്നും അക്കരെയ്ക്കു നെല്ലു കടത്താൻ വളരെ സൌകര്യമുണ്ടു്. അതു തടയാൻ പ്രയാസമാണു്. അതിനാൽ ആ കളപ്പാടു പുഴയുടെ അടുത്തുകെട്ടാൻ പാടില്ല. അവിടെനിന്നു കുറെക്കൂടി—ഏതെങ്കിലും ഒരു ദൂരംനിശ്ചയിച്ചു—നീക്കി കെട്ടണം എന്നു പറയണം അങ്ങിനെചെയ്താൽ പിന്നെ അക്കരെയ്ക്കു കടത്തിക്കൊണ്ടു പോകാൻ പ്രയാസമുണ്ടു്. പിന്നെ കരിഞ്ചന്ത തടയണം. ഇന്നു പല സ്ഥലങ്ങളിലും കരിഞ്ചന്ത പിടിക്കുന്നുണ്ടു്. ബഹുമാനപ്പെട്ട മന്ത്രിതന്നെ കരിഞ്ചന്ത പിടിച്ചുതിന്റെ ഫലമായി പിന്നീടു പലരും കരിഞ്ചന്ത പിടിച്ചുതുടങ്ങീട്ടുണ്ടു്. അങ്ങിനെ ആ കായ്മും കുറെകൂടി കർശനമായി നടത്തുക. ഇങ്ങിനെയുള്ളകായ്മ്ങ്ങൾ ചെയ്യുന്നതോടുകൂടി ഫുഡ്പ്രൊഡക്ഷനു് പ്രോത്സാഹനം കൊടുക്കുക. ഈ ഫുഡ്പ്രൊഡക്ഷൻ ഡ്രൈവ്, മിസ്റ്റർ. ടി. കെ. നായർ അതു ചെയ്തിട്ടുണ്ടു്.

മിസ്റ്റർ. പി. കുമാരനെഴുത്തശ്ശൻ: കൊള്ളിവെക്കണം.

മിസ്റ്റർ. പത്തർ അച്യുതമേനോൻ: ഞാൻ പറയുന്നതു്(കൊള്ളിവെക്കാനല്ല);കൊള്ളിവെയ്ക്കാനുള്ളഗവമ്മെണ്ടല്ല ഇന്നത്തേതു് എന്നവിശ്വസിച്ചുകൊണ്ടാണു് ഞാൻ ഇപ്പോൾ സംസാരിക്കുന്നതു്. അടിയന്തിരഘട്ടങ്ങളിൽ അതിനെ നേരിടുന്നതിനു് ആവശ്യമായ നടപടികളെടുത്തു ജനങ്ങൾക്കു് ഉപകാരപ്രദമായ രീതിയിൽ ഭരണം നടത്തിക്കൊണ്ടുപോകാനാണു ഈ ഗവമ്മെണ്ടു ആഗ്രഹിക്കുന്നതു്. അതിനാണു് നാം നിബ്ബന്ധിക്കേണ്ടതു്. ജനകീയാഭിപ്രായങ്ങൾ അറിഞ്ഞു ജനപ്രതിനിധികൾ കൊടുക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവത്തിക്കേണ്ടചുമതല ഇന്നത്തെ ഗവമ്മെണ്ടിനുണ്ടു്. അങ്ങിനെയുള്ളനിർദ്ദേശങ്ങൾ പലതും കൊടുത്തിട്ടുണ്ടു്. ഗവമ്മെണ്ടു് അതു സ്വീകരിച്ചു പ്രവത്തിക്കും. ഇന്നു് എനിക്കു് അറിയാൻ കഴിഞ്ഞിട്ടുണ്ടു് ഗവമ്മെണ്ടുതന്നെ ഞാൻ ഇവിടെ പറഞ്ഞകാര്യങ്ങളിൽ ശ്രദ്ധപതിച്ചുകഴിഞ്ഞിട്ടുണ്ടു് എന്നു്. പീച്ചിസ്ക്കീമിനെപ്പറ്റി അടിയന്തിരമായ ആലോചനകൾ നടക്കുന്നുണ്ടെന്നു ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി ഇവിടെ പറഞ്ഞു. ചാലക്കുടിസ്ക്കീമിനെകുറിച്ചു തിരുവിതാംകൂർ ഗവമ്മെണ്ടുമായി ആലോചന നടക്കുന്നുണ്ടു്. അതുപോലെ തന്നെ മറ്റുള്ള കായ്ങ്ങളിലും ആലോചന നടക്കുണ്ടു്. ഫുഡ്പ്രൊഡക്ഷൻ കായ്ത്തിനു് അടിയന്തിര നടപടികളെടുക്കാതെ തരമില്ല. കൊള്ളിയെങ്കിൽ കൊള്ളി ചീരയെങ്കിൽ ചീര ഏതെങ്കിലുമൊക്കെ ഭക്ഷണസാധനങ്ങളുണ്ടാക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഒരു പ്രചരണസംഘം ഈ രാജ്യമൊട്ടുക്കു നടക്കാതെ തരമില്ല. നാട്ടുകാരെ ഇന്നത്തെ വിഷമനിലമ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puthur Achutha Menon]

നസ്സിലാക്കിക്കണം. അങ്ങിനെ നാട്ടുകാരും മന്ത്രിമാരുംകൂടി യോജിച്ചു ഇന്നത്തെ വിഷമനിലയെ നേരിടണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: സർ, ഈ ഭാഗത്തുനിന്നു സജ്ഷൻ തരാതിരുന്നതുകൊണ്ടുള്ള ഒരു കുറവാണോ ഇതേവരെ ഭക്ഷണസാധനങ്ങൾ കൂടുതൽ ഉണ്ടാക്കുന്ന കാര്യത്തിൽ ഗവൺമെണ്ടിനു തടസമായിരുന്നതു് എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. ഫ ഫ ഫ കക്കടകം സെഷനിൽ ഞാൻ ചെയ്ത ബഡ്ജറ്റുപ്രസംഗത്തിൽ ചില കൂട്ടങ്ങളുടേയും എരികളുടേയും കാര്യത്തെപ്പറ്റി പ്രത്യേകം ശ്രദ്ധവെക്കണമെന്നും അന്നു മൊത്തത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന അഞ്ചിൽ ചിലപാനം ലക്ഷം ഉടുപ്പിക റോഡിനും മറ്റും ഉപയോഗിക്കാതെ ഈ കാര്യത്തിനുവേണ്ടി ഉപയോഗിക്കണമെന്നും ജനങ്ങളെ ഈ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിയതിന്റെശേഷം മാത്രമെ ആ സംഖ്യ ഉപയോഗിക്കുവാൻ പാടുള്ളു എന്നും മറ്റുമുള്ള ചില സംഗതികളും ഗവൺമെണ്ടിനെ ഉൽബോധിപ്പിച്ചിരുന്നു. സർ, കൃഷി വളർത്തിപ്പിക്കാവുന്ന ഉദ്ദേശത്തോടുകൂടി കോഓപ്പറേറ്റിവുസൊസൈറ്റികൾ സ്ഥാപിക്കുന്നതിനെപ്പറ്റിയും എന്റെ ബഡ്ജറ്റുപ്രസംഗത്തിൽ ചില സംഗതികൾ ഞാൻ പ്രസ്താവിച്ചിരുന്നു. എന്റെ സ്നേഹിതൻ ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോൻ എന്റെ നാട്ടിൽ, ഫ ഫ ഫ-ലാണെന്നതോന്നുന്നു വന്നു് ഒരു പ്രസംഗം ചെയ്തപ്പോൾ പ്രസ്താവിച്ചിരുന്ന സംഗതികളെപ്പറ്റി ഞാൻ ഒരു മറുപടി എഴുതുകയുണ്ടായി. ആ ലഘുലേഖനത്തിൽ കൃഷിവളർത്തിപ്പിക്കുന്നതിനാവശ്യമായ പലേ സംഗതികളും ഞാൻ പറഞ്ഞിട്ടുണ്ടായിരുന്നു. സർ, ഈ നിയമസഭ തുടങ്ങിയിട്ടു മൂന്നാമത്തെ കൊല്ലമാണിതു്. ഈ കാര്യത്തെപ്പറ്റി ഒരു വാദപ്രതിവാദം,അല്ലെങ്കിൽ ഒരു അടിയന്തിര പ്രമേയം വരും. എല്ലാകൊല്ലവും ഒരു ചടങ്ങായി കാണുന്നുണ്ടു്. അപ്പോൾ നിങ്ങൾ പറയും അതിൽ മണിയൊന്നുമില്ല പതിരായിരുന്നു എന്നു്. ഇന്നു ഞങ്ങൾ ഇവിടെ സജഷൻ തന്നിട്ടവേണമൊ കൊച്ചീരാജ്യത്തു ഭക്ഷണസാധനങ്ങൾ ആവശ്യമാണെന്നും ഭക്ഷണമുണ്ടാക്കിയില്ലെങ്കിൽ രാജ്യം ഒട്ടാകെ കുട്ടിച്ചോറാകുമെന്നും നിങ്ങൾക്കു മനസ്സിലാക്കുവാൻ.സർ, ഇതുവരെ കഴിഞ്ഞ ചടങ്ങുകളിൽനിന്നു ഞാൻ എന്റെ മാന്യസ്നേഹിതനോടു് പറയുന്നു, കുറച്നാകാലം മന്ത്രിപദത്തിലിരുന്നിരുന്ന ഞാൻപുണ്ണ ഉത്തരവാദിതപ്രബോധത്തോടുകൂടി ഈ സഭയോടു പറയുന്നു, കുറച്നാകാലത്തെ നടപടികളിൽനിന്നു് എന്നിൽ ആത്മാർത്ഥമായി കടന്നുകൂടിയിരിക്കുന്ന വിശ്വാസത്തോടുകൂടി ഞാൻ പറയുന്നു, ഞങ്ങൾ മേലിൽ ഇവിടെവന്നു പറയുന്നതിനു പകരം ഇന്ത്യൻ നാഷനൽ കോൺഗ്രസ്സു് നേതാക്കന്മാരായ പണ്ഡിറ്റു് നെഹ്റുവിന്റെയും രാജൻ ബാബുവിന്റെയും അടുത്തു ഞങ്ങളുടെ സങ്കടങ്ങൾ ബോധിപ്പിക്കുന്നതായാൽ ഞങ്ങൾക്കു കൂടുതൽ എളുപ്പം നിവാരണം കിട്ടുകയില്ലെ എന്നു്അങ്ങിനെ ഞങ്ങൾക്കു തോന്നിത്തുടങ്ങിയിരിക്കുന്നു എന്നു്. കഴിഞ്ഞ കക്കടകത്തിൽ ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോൻ പറയുകയുണ്ടായി, ഭക്ഷണവിതരണകാര്യത്തെപ്പറ്റി ആ ഭാഗത്തുനിന്നു് ഒരുവട്ടവും രണ്ടുവട്ടവും പറഞ്ഞതെല്ലാം കുടംകമഴ്ത്തി അതിന്റെ പുറത്തു് വെള്ളം ഒഴിക്കുന്നമാതിരിയാണെന്നു്. സർ, ഈ ചോദ്യം തന്നെയാണു് ഞങ്ങൾക്കും ഈ ഭാഗത്തുനിന്നു ചോദിക്കുവാനുള്ളതു്. ഒരു ഐറിഷ്കാരൻ ഒരിക്കൽ പറയുകയുണ്ടായിട്ടുണ്ടു് ചൂരലിനു ചൂരൽതന്നെ വേണമെന്നു്. സർ, നിങ്ങൾ ഫ മാസം ഭരണം നടത്തി. നിങ്ങളുടെ മന്ത്രിസഭ ഫ ഫ ഫ-ൽ ഫ ഫ ഫ-ലേക്കുള്ള ബഡ്ജറ്റു് തയ്യാറാക്കിയശേഷം ന്യൂഡൽഹി കൃപാകൊണ്ടു് ന്യൂ മാസത്തേക്കു് ഒരു ക്ലാക്കിനും ഒരു ശിപായിക്കും ശമ്പളം കൊടുക്കുവാൻ മാത്രമേ ഭക്ഷ്യാൽപ്പാദനത്തിനുവേണ്ടി നിങ്ങൾക്കു സാധിച്ചുള്ളുവെങ്കിൽ പിന്നെ, സർ, എന്തിനാണു് ഞങ്ങളുടെ സജഷൻ. ഒന്നുകിൽ നിങ്ങൾ പറയുക ഞങ്ങളുടെ സജഷൻ നിങ്ങൾക്കുവേണമെന്നു്. നിങ്ങളെക്കൊണ്ടു് തന്നാത്താൻ ആലോചിച്ചു പ്രവർത്തിക്കുവാൻ വയ്യെങ്കിൽ അതു തുറന്നു പറയുക. നിങ്ങൾ അനുഗമിക്കുന്നതായ നിങ്ങൾ പിന്തുടരുന്നതായ മഹാനുഭാവൻ പണ്ഡിറ്റു് നെഹ്റു തന്നെപറയുന്നു, എന്നേക്കാൾ കൂടുതലായി രാജ്യം ഭരിക്കുവാൻ പ്രാപ്തിയുള്ള ഒരാൾ ഉണ്ടെന്നു കാണുന്നപക്ഷം ഞാൻ എന്റെ ഉദ്യോഗം ഒഴിഞ്ഞുവെച്ചുകൊടുക്കാൻ തയ്യാറാണ്എന്നു്. ഞാൻ പൂർണ്ണഉത്തരവാദിതപ്രബോധത്തോടുകൂടിയാണു് പറയുന്നതു്. സർ, ഞാൻ ഇതു പറയുന്നതു് രണ്ടു ദിവസംമുമ്പു് ഇവിടെ നടന്ന സംഗതിയെ സ്മരിച്ചുകൊണ്ടാണു്. ഫ ഫ ഫ-ൽ ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോൻ എന്റെ നാട്ടിൽ പ്രസംഗിച്ച സമയത്തു്, നിങ്ങളുടെ പ്രജാമണ്ഡലം സംഘടനയെപ്പറ്റി സംസാരിച്ച സമയത്തു്, ഞാൻ മറുപടി പറഞ്ഞു "വയറു പേടിക്കുകയില്ല, തല പേടിച്ചേക്കാം" എ

LIBRARY ARCHIVES Kerala Legislative Assembly

ന്നു". ഒരു അനുഭവമാണു്, അതിന്റെ ഒരു ഭാഗമാണു് നിങ്ങൾ അന്തിക്കാട്ടു കണ്ടതു് അതിന്റെ മറ്റൊരു അനുഭവമാണു് നിങ്ങൾ മിനിഞ്ഞാന്നു് ഇവിടെ കണ്ടതു്. സർ, ഞങ്ങൾക്കു നാട്ടിൽ സമാധാനത്തോടുകൂടി കഴിഞ്ഞുകൂടണ്ടേ? നാട്ടിലെ സമാധാനത്തിന്റെ പേരിൽ ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾക്കു പ്രാപ്തിയില്ലെങ്കിൽ പ്രാപ്തിയുള്ള ആളുകൾ നിങ്ങളുടെ കക്ഷിയിലുണ്ടെങ്കിൽ അവക്കു ഭാരം വിട്ടുകൊടുക്കുക, അല്ലെങ്കിൽ ഞാൻ പറയുന്ന 1000 കെ. ശമ്പളം വേണ്ട എനിക്കു്; ഞാൻ ഭരിക്കാം, ഞാൻ നിങ്ങളുടെ ദാസനായിട്ടിരിക്കാം. ഇവിടത്തെ കൃഷി ഡിപ്പാർട്ട്മെണ്ടു് എനിക്കു വിട്ടുതരിക. രണ്ടുമാസം ഞാൻ ആ ഡിപ്പാർട്ട്മെണ്ടു് നോക്കിയിരുന്നു. അതിന്നു്എനിക്കു നിങ്ങൾ ഒരവസരം തന്നു. കായ്ക്കുങ്ങൾ പഠിച്ചുവരുന്നതിന്നുമുമ്പു് ഞാൻ അവിടെനിന്നു പോകേണ്ടിവന്നു., എന്നെ ഏല്പിച്ചു ഞാൻ കുറക്കാരനാണെന്നു കാണുന്നപക്ഷം വീണ്ടും എന്നെ പുറത്തു തള്ളുക. കൃഷി ഡിപ്പാർട്ട്മെണ്ടു് എനിക്കു വിട്ടുതരിക. എന്നെക്കൊണ്ടു് അതു ഭരിക്കുവാൻ പറ്റാത്തപക്ഷം ഞാൻ നാട്ടുകാരോടു പറയും എന്നെക്കൊണ്ടു മുടുകയില്ലെന്നു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: മുണതപം വേണം.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഞാൻ കിടുകിടെ വിറച്ചുകൊണ്ടാണു് നിങ്ങളോടു പറയുന്നതു്. സർ, ഞങ്ങൾക്കു നാട്ടിൽകിടന്നു പൊറുക്കണം. ഞാൻ ദാരിദ്ര്യത്തിന്റെ കായ്യം പറഞ്ഞപ്പോൾ നിങ്ങൾ പറയുകയുണ്ടായില്ലേ തുണിയില്ലാത്തവനും പ്രസിഡണ്ടിന്റെ ശമ്പളവും തമ്മിൽ എന്താണു് ബന്ധമെന്നു"? ഞാൻ പറയുന്നു ഒരു പാവപ്പെട്ടവൻ ഒരു സ്ഥലത്തു പട്ടിണികിടക്കുന്നുണ്ടെങ്കിൽ അവൻ അളയിൽ കിടക്കുന്ന ഒരു പാമ്പാണു് എന്നു്, ഒരു രോഗി ഒരു സ്ഥലത്തു് നിസ്സഹായനായി കിടപ്പുണ്ടെങ്കിൽ അതു് മറ്റൊരു വിപത്താണു് എന്നു്. അവനും രാജ്യത്തുള്ള എല്ലാവക്കും ഭക്ഷണം, ഉടുക്കുവാനുള്ള വസ്ത്രം, ഇരിക്കുവാനുള്ള ഒരു വീടു് ഇതൊക്കെ അത്യാവശ്യമായിട്ടുള്ളതാണു്. ഈ വക കായ്ക്കുങ്ങളിൽ നിങ്ങളുടെ ബുദ്ധിയും ശ്രദ്ധയും ചെലുത്താത്തപക്ഷം വയലാറിൽ ഉണ്ടായിട്ടുള്ള പ്രവാഹമാണു്, കരിമീൻ തത്തിക്കളിക്കുന്ന ഗംഗാപ്രവാഹമല്ല വരാൻ പോകുന്നതു്. നിങ്ങളും കരിമീനും ഗംഗയുമെല്ലാം ഒന്നിച്ചു് ആ പ്രവാഹത്തിൽ ഒഴുകിപ്പോകും, മിനിഞ്ഞാന്നു, സർ, നിങ്ങളുടെ ഓരോരുത്തരുടേയും പേരുപറഞ്ഞു വിളിച്ചില്ലേ? നിങ്ങൾ പുറത്തേക്കു ചെന്നുവോ? ആ നാട്ടുകാരോടു നിങ്ങൾക്കു കായ്യം പറയാമായിരുന്നില്ലെ? എന്തുകൊണ്ടാണു് നിങ്ങൾ അവരോടു് പറയാതിരുന്നതു്? എന്നെ സംബന്ധിച്ചിടത്തോളം എനിക്കു രാജ്യഭരണത്തെ സംബന്ധിച്ചു എ. ബി. സി. ഡി. അറിഞ്ഞുകൂടായിരിക്കാം. നിങ്ങൾക്കു് ഇപ്പോൾ പണമുണ്ടാക്കുവാനുള്ള അധികാരമുണ്ടു്. ഇന്നു നിങ്ങൾ പറയുന്ന പൂർണ്ണാധികാരം കിട്ടിയെന്നു്. ആക്കുവേണ്ടിയാണു് നിങ്ങൾ ഇന്നിന്നും പുറപ്പെടാതെ കാത്തിരുന്നതു്? കുഴപ്പമുണ്ടാകുവാൻ നിങ്ങൾമനഃപൂർവ്വം കാത്തിരിക്കയാണൊ എന്നു ഞാൻ സംശയിക്കുന്നു. നാട്ടിൽ ക്ഷോഭം വളർന്നുവരുന്നുണ്ടു്. ഞാൻ ചോദിക്കുന്നു, ഒരു പക്ഷെ പ്രസിഡണ്ടു് അവർകൾ അപ്രസക്തമാണു് എന്നു പറഞ്ഞു തടഞ്ഞേക്കാം. ഇന്നത്തെ ഈ ക്രിമിനൽ ലാ അമൻറമെൻറു് ബിൽ എന്തായാലും നിങ്ങൾ കൊണ്ടുവന്നു? ഞങ്ങൾക്കുവീടില്ല, തുണിയില്ല, ഭക്ഷണമില്ല എന്നു പ്രസംഗിക്കുവാൻ പാടില്ലെന്നാണൊ നിങ്ങൾ ഉദ്ദേശിക്കുന്നതു"?

ചൌധിരി ജി. എസ്സ്. ധാരാസിംഗ്: അല്ല.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഈ ഒരൊറ്റ സജഷൻ മാത്രമെ എനിക്കു തരുവാനുള്ളൂ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഏതു സജഷൻ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നിങ്ങളെക്കൊണ്ടു ഭരിക്കുവാൻ മുകുന്നില്ലെങ്കിൽ നിങ്ങൾ മാറുക. നിങ്ങൾ കൌൺസിൽ പിരിച്ചുവിടുക. ഒരുപക്ഷെ ചടയംമുറിയൊ, മത്തായിമാഞ്ഞൂരാനൊ, മനയ്ക്കലാത്തൊ വരുന്നുവെങ്കിൽ അവർ നോക്കിക്കൊള്ളും. അവക്കു കൊടുക്കുക ഒരു അവസരം, ഇതാണു് എന്റെ സജഷൻ.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: സർ, ഈ അടിയന്തിരപ്രമേയത്തിന്നു കാരണഭൂതർ ഇന്നത്തെ ഭക്ഷ്യവകുപ്പു മന്ത്രിയൊ അതിനെതുടർന്നുള്ള കേന്ദ്രഉപദേശകസമിതിയൊ ഭക്ഷ്യവകുപ്പു മേലധ്യക്ഷനൊ ആണൊ എന്നു ചോദിക്കുന്നതായാൽ നിശ്ചയമായും എന്റെ അ

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. O. Thomakutty]

മിപ്രായം ക്ഷേത്രവകുപ്പു മേലദ്ധ്യക്ഷന്റെ അപ്രാപ്തിയാണു് ഇത്തരം സംഭവങ്ങൾക്കുകാരണം എന്നേ ഞാൻ പറയുകയുള്ളൂ. അദ്ദേഹം ക്ഷേത്രവകുപ്പിനു് ഉപദേശം കൊടുക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള കേന്ദ്രഉപദേശകസമിതിയിൽ ഈ വിഷയത്തിൽ പരിചയവും പ്രാപ്തിയുമുള്ള ആളുകളെ നിശ്ചയിച്ചു് അവരുടെ ഉപദേശപ്രകാരം വേണ്ടവിധം പ്രവൃത്തിച്ചിരുന്നുവെങ്കിൽ പത്തു് ഔൺസു് എട്ടു് ഔൺസാക്കുവാനും എട്ടു് ഔൺസു് ആറു് ഔൺസാക്കുവാനും ഇടവരുകയില്ലായിരുന്നു. വേണ്ടവിധത്തിൽ ആലോചിക്കുന്നതിനു പ്രാപ്തിയുള്ള കച്ചവടക്കാരെ അല്ലെങ്കിൽ കച്ചവടത്തിൽ വിവരമുള്ള ആളുകളേയും കൂടി ഉപദേശക സമിതിയിൽകൂട്ടിച്ചേർത്തു് അവരുടെ ഉപദേശത്തോടുകൂടി പ്രവൃത്തിച്ചിരുന്നുവെങ്കിൽ കൂടുതൽ കാര്യക്ഷമതയോടുകൂടി കൂടുതൽ ഉത്തരവാദിത്വത്തോടുകൂടി ഈ കാര്യത്തെ നേരിടാമായിരുന്നു. സർ, നിങ്ങളുടെ രണ്ടു മൂന്നു കൊല്ലക്കാലത്തെ മക്കടമുഷ്ടി നയം, അതായതു് ആ പാവനമെന്നു വിചാരിക്കപ്പെടുന്ന ഉപദേശകസമിതിയിൽ വാണിജ്യമെമ്പറെയും കച്ചവടക്കാരേയും കൂടി ചേർക്കാതിരുന്നതു്, നിങ്ങളുടെ അപ്രാപ്തിയെയല്ലെ ചൂണ്ടിക്കാണിക്കുന്നതെന്നാണു ഞാൻ ചോദിക്കുന്നതു. എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ പുത്തൂർ അച്യുതമേനോൻ പറയുകയുണ്ടായി നിങ്ങൾ ഈ നിയമസഭയിലുള്ള എല്ലാവരോടും കൂടി യോജിച്ചു പ്രവൃത്തിക്കണമെന്നു്. ഞാൻ ചോദിച്ചുകൊള്ളട്ടെ ഈ നിയമസഭയിലെ എതിർപാർട്ടിയിൽപെട്ട എത്രപേരെ നിങ്ങൾ ഉപദേശകസമിതിയിൽ ചേർത്തിട്ടുണ്ടു് എന്നു? അല്ലെങ്കിൽ കൊച്ചീരാജ്യത്തിലെ കച്ചവടക്കാരിൽനിന്നു ഉപദേശം കിട്ടുന്നതിനായിട്ടു്, അവരുടെ സഹകരണം ഉണ്ടാകുവാനായിട്ടു് എത്രപേരെ നിങ്ങൾ ഉപദേശകസമിതിയിൽ ഉൾപ്പെടുത്തിട്ടുണ്ടു്?

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: കച്ചവടക്കാരെ ഉൾപ്പെടുത്തരുതെന്നാണു് ഇപ്പോൾ എന്റെ ഉപദേശം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: പ്രജാമണ്ഡലംകക്ഷിയാണോ കച്ചവടക്കാരെ ഉൾപ്പെടുത്തരുതെന്നുള്ളതു്? അതുകൊണ്ടു് പക്ഷെ ഇനി രണ്ടു് ഔൺസുകൊണ്ടു് കഴിച്ചുകൂട്ടേണ്ടിവരും. അവരിൽനിന്നു വേണ്ടത്ര പ്രോത്സാഹനം കിട്ടുന്നതിനു് വേണ്ടത്ര ഉപദേശം കിട്ടുന്നതിനു്, ഈ കാര്യത്തിൽ അനുഭവമുള്ള നാലോ അഞ്ചോപേരെകൂടി ഉപദേശകസമിതിയിൽ ഉൾപ്പെടുത്തി അവരുടെയും ഉപദേശത്തോടുകൂടി കാര്യങ്ങൾ പ്രവൃത്തിച്ചാൽ ഈവക ബുദ്ധിമുട്ടുകൾക്കുടാതെ കഴിക്കാം. ഒരു മാസംമുമ്പു് ൨൦,൦൦൦ ചാക്കു പരിപ്പും ൨൦,൦൦൦ ചാക്കു് കടലയും ഇവിടെയുണ്ടായിരുന്നില്ലെ? ആ ൪൦,൦൦൦ ചാക്കു കടലയും പരിപ്പും, പയറും കൊണ്ടു് ബുദ്ധിപൂർവ്വം പ്രവൃത്തിച്ചിരുന്നുവെങ്കിൽ ഇന്നത്തെ ക്ഷേണസാധനങ്ങളുടെ കുറവിനു കാര്യമായ വിധത്തിൽ ഒരു പരിഹാരം ചെയ്യുവാൻ സാധിക്കുമായിരുന്നില്ലെ? ആ കാര്യത്തിൽ ഇന്നത്തെ ഉപദേശകസമിതി ഇതേവരെയും പരിശ്രമിച്ചിട്ടില്ല. ഞാൻ പറയുന്നതു് ഇന്നത്തെ ക്ഷേണക്ഷാമത്തിനു പ്രധാനകാരണം വേണ്ടത്തക്ക കാര്യങ്ങൾ നേരെ നടത്താത്തതുകൊണ്ടുവന്നിട്ടുള്ള പോരായ്മയാണെന്നുള്ള സത്യാവസ്ഥ സധൈര്യം ഇന്നത്തെ ജനകീയഭരണ നേതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ ഇന്നു തുറന്നു പറഞ്ഞുകൊള്ളുന്നതിനു എനിക്കു യാതൊരു സങ്കോചവും ഇല്ല. ഈയടുത്തുതന്നെ പോട്ടു് "സുധാനി"ൽനിന്നു അനേകം ചാക്കു കടലയും വെള്ളപയറും മറ്റു ചരക്കുകളും ഇവിടെ ഇറക്കുമതി ചെയ്തിട്ടുള്ളതു തിരുവിതാംകൂറിലേക്കു് കച്ചവടക്കാർ കയറ്റിക്കൊണ്ടു പോയിട്ടുള്ളതും ആയതു തിരുവിതാംകൂറിലേക്കായിട്ടു കൊച്ചിയിലെ കച്ചവടക്കാർ വരുത്തിയിട്ടുള്ളതുമാകുന്നു. നമ്മുടെ രാജ്യത്താണെങ്കിൽ കടല, ഉഴുന്നു്, തുവരപരിപ്പു്, ചെറുപയറു് മുതലായ നവധാന്യങ്ങൾ, അരികിട്ടുവാൻ പ്രയാസമുള്ള ഈകാലത്തു ജനങ്ങളുടെ പട്ടിണിക്കു് ഒരു പരിഹാരം കണ്ടെത്തുന്നതിനു് ഈവക സാധനങ്ങളെ കൊണ്ടു് സാധിക്കുമായിരുന്നു. അതും വരുത്തുന്നതിനു ഗവർമ്മെണ്ടു് കച്ചവടക്കാരെ അനുവദിക്കാത്തതാണു് വളരെ കഷ്ടമായിട്ടുള്ളതു്. ഇതിനെ സംബന്ധിച്ചു ഞാൻ പലേ എഴുത്തുകളും അതാതു അധികാരസ്ഥലങ്ങളിലേക്കു് എഴുതി അറിയിച്ചിട്ടുള്ളതും ആയതിനു നാളിതുവരെ യാതൊരുവക മറുപടിയും നല്കാത്തതും ആയ ഒരു പരിതഃസ്ഥിതിയാണു് ഇന്നത്തെ ജനകീയ ഭരണകൂടത്തിൽ കടന്നു കൂടിയിട്ടുള്ളതെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

സർ, അർദ്ധപട്ടിണിക്കാരായ ജനങ്ങളെ അവരുടെ പട്ടിണിയിൽനിന്നും വിമുക്തരാക്കുന്നതിനു് എന്തു നിർദ്ദേശങ്ങളാണു് നിങ്ങൾ ഇതുവരെ കൈക്കൊണ്ടിരിക്കുന്നതു്. കൃഷി വിപുലീകരണത്തിനു ഗവർമ്മെണ്ടു് വളരെ സഹായിക്കുന്നുണ്ടെന്നു പറഞ്ഞുകേൾക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

കാട്ടിൽക്കൂടെപോയി കൃഷിചെയ്യുന്ന കൃഷീവലന്മാക്ക് വണ്ടിരുന്നക്ക് എട്ടണവീതം നികുതി കൊടുത്തു് അവരുടെ കൃഷിസ്ഥലത്തേക്ക വേണ്ടവിത്തു്, വളം മുതലായതു കൊണ്ടുപോകുന്നതിനുംകൂടി കഴിവില്ലാതെ സാധു കൃഷീവലന്മാരെ കഷ്ടപ്പെടുത്തുന്ന ഒരു നയമാണൊ ഇന്നത്തെ കൃഷി അഭിവൃദ്ധിക്ക കൈക്കൊണ്ടിരിക്കുന്ന നില എന്നാണു ഞാൻ ചോദിക്കുന്നതു്. ഇപ്പോൾ നടന്നവരുന്ന കൃഷികർമ്മത്തെന്നെ വേണ്ടത്തക്കതായ പ്രോത്സാഹനങ്ങൾ കൊടുക്കാതെ ഗവ മ്മെണ്ടതന്നെ ഇരുപതു ലക്ഷത്തോളം രൂപാ ചിലവു് ചെയ്തു് പുതിയ കൃഷിപദ്ധതികൾ ഉണ്ടാക്കുവാനാണു് ഉദ്ദേശിക്കുന്നതു്. ഇതു് എന്തു് അർത്ഥമില്ലാത്ത കാര്യമെന്നാണു ഞാൻ ചോദിക്കുന്നതു്. മഹാത്മാഗാന്ധിതന്നെ അദ്ദേഹത്തിന്റെ അടുത്തുണ്ടായ പ്രസംഗത്തിൽനിന്നും ഈ കൺവോളുകളെല്ലാം അനാവശ്യമായിട്ടുള്ളതെന്നും ഇതുകൊണ്ടാണു് ഇൻഡ്യാ ദാരിദ്ര്യത്തിലേക്കാണ്ടുപോകുന്നതെന്നും തുറന്ന പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അനുഗാമികളെന്നു അഭിമാനംകൊള്ളുന്ന പ്രജാമണ്ഡലം നേതാക്കന്മാരേ! ഇനിയെങ്കിലും അദ്ദേഹത്തിന്റെ അഭിപ്രായത്തോടുകൂടിയോജിക്കരുതൊ, അപ്രകാരം പ്രവൃത്തിക്കണമെന്നു ഞാൻ നിങ്ങളോടു് ഉൽബോധിപ്പിക്കുകയും ചെയ്തുകൊള്ളുന്നു. ദൃഷ്ടാന്തമായി വെളിച്ചണ്ണ വില കൺവോർ നീക്കിയപ്പോൾ അനുഭവപ്പെട്ടതും കൺവോർ ഉണ്ടായിരുന്നപ്പോൾഉള്ള മാറ്റവും ഏവർക്കും അനുഭവപ്പെടുന്ന ഒരു സത്യാവസ്ഥയാണല്ലൊ. കൂടാതെ പ്രധാനമായി എനിക്കു പറയാനുള്ളതു് കൊച്ചിയിൽ കച്ചവടക്കാരില്ലാഞ്ഞിട്ടാണൊ വിദേശകമ്പനിയായ വാൾക്കാട്ടു് ബ്രദേഴ്സിനു ചരക്കുകൾ വാങ്ങിക്കുന്നതിനു ഗവമ്മെണ്ടിൽനിന്നും കല്പനയായിട്ടുള്ളതു്. അവർ എത്രതന്നെ അഴിമതിചെയ്താലും നമുക്കു യാതൊന്നുംതന്നെ ചോദിക്കുവാൻ പാടില്ലാത്തതിനാൽ നമ്മുടെ ജനകീയഭരണം അവരുടെ മുമ്പിൽ തലകുനിച്ചു് നില്ക്കുന്നതു് ഒരുകാലത്തും നീതികരിക്കുന്നതായിരിക്കുകയില്ലാ. ഇൻഡ്യയിൽനിന്നും വിദേശഭരണം അവസാനിപ്പിച്ചിട്ടും നമ്മുടെ കൊച്ചി വിദേശകമ്പനിയോടുള്ള ആ പ്രതിപത്തിവിടാത്തതെന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. അതാണു് ഞാൻ പറയുന്നതു് ഇക്കാര്യത്തിൽ എന്തോരഹസ്യമായ അടിയൊഴുക്കുകൾ കിടന്നു കളിക്കുന്നുണ്ടെന്നു്. ഇതിനെ സംബന്ധിച്ചു് ഇന്നത്തെ ജനകീയഭരണം കുലങ്കഷമായി നിഷ്പക്ഷതയോടെ അന്വേഷിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

സർ, വാൾക്കാട്ടു് ബ്രദേഴ്സ് കൊച്ചിക്കുവേണ്ടി നൈസാംസ്റ്റേറ്റിൽനിന്നും ഉദ്ദേശം രണ്ടായിരം ടണ്ണോളം ഉഴുന്നു് അടുത്തു വാങ്ങുകയുണ്ടായല്ലൊ. കൊച്ചിയിലെ കച്ചവടക്കാരുടെ പ്രതിനിധികളും വാൾക്കാട്ടു് ബ്രദേഴ്സും തമ്മിൽ എന്തു വിലമാറത്തിലാണു വാങ്ങിയിരിക്കുന്നതെന്നും ഗവമ്മെണ്ടു് അന്വേഷിക്കുകയുണ്ടായിട്ടുണ്ടോ? ചാക്കൊന്നിനു പത്തും പന്ത്രണ്ടും രൂപവീതം കൂടുതൽ കൊടുത്തുകൊണ്ടല്ലെ കൊച്ചിക്കുവേണ്ടി ഒരു വിദേശകമ്പനി ചരക്കു വാങ്ങിയിരിക്കുന്നതു്. ഇത്ര അന്യായമായ വിലക്കു് ഇതു് വാങ്ങുവാനുണ്ടായ് കാരണം ഗവമ്മെണ്ടു് അന്വേഷിക്കുകയുണ്ടായൊ?

സർ, കൊച്ചിരാജ്യത്തിലെ പതിനഞ്ചുലക്ഷം ജനങ്ങളുടെ വിയർപ്പുതുള്ളികളും രക്തതുള്ളികളും അല്ലയോ ഈ നഷ്ടംവന്ന സംഖ്യകളോടു് വെല്ലുവിളിക്കുന്നതെന്നു ഇന്നത്തെ ജനകീയ ഭരണകൂടം മനസ്സിലാക്കിയിരുന്നുവെങ്കിൽ ഇത്തരം അഴിമതികൾക്കു അവരെ പ്രേരിതരാക്കുകയില്ലായിരുന്നു. ഇതിനെതുടർന്നു് ഇന്നത്തെ നിയമസഭയുടെ പ്രഥമദിവസംതന്നെ ഞാൻ ഇത്തരം അഴിമതികളെ ചൂണ്ടിക്കാണിച്ചു് ഒരു അടിയന്തിര നോട്ടിസായികറെ ചോദ്യങ്ങൾ അയച്ചിട്ടുള്ളതും ന്യായത്തിനു് ഇന്നേവരെയും അതായതു് കൌൺസിലിന്റെ അവസാനഘട്ടമായ ഇന്നുപോലും അതിനു് ഒരു മറുപടി നല്കാത്തതു് വളരെ പരിതാപകരമായിപ്പോയി എന്നോ ഞാൻ പറയുന്നുള്ളൂ. വിദേശകമ്പനികളോടു് ഇന്നത്തെ ജനകീയഭരണനേതാക്കന്മാർ കാണിക്കുന്ന അനുകൂലഭാവങ്ങളിൽ പത്തിൽ ഒരംശമെങ്കിലും ഇന്നത്തെ കൊച്ചിയിലെ നികുതിദായകന്മാരായ സാധുകച്ചവടക്കാരുടെ നേരെയെങ്കിലും കാണിച്ചിരുന്നുവെന്നുവെങ്കിൽ ഇന്നത്തെ ദുരിതാവസ്ഥകൾക്കു ഒരു നിവാരണം അവർതന്നെ ഉണ്ടാക്കുമായിരുന്നില്ലെ എന്നാണു ഞാൻ ചോദിക്കുന്നതു്.

സർ, ഇതാണു ഞാൻ പറയുന്നതു് നിങ്ങളുടെ വ്യക്തിവിദ്വേഷങ്ങളായ വിമർശങ്ങളെ നീക്കി വേണ്ടത്തക്ക കച്ചവടക്കാരെ ഉപദേശകേന്ദ്രസമിതിയിൽ ഉൾകൊള്ളിക്കുകയും അവരുടെ ഉപദേശങ്ങളെ അക്ഷരംപ്രതിപാലിക്കുകയും വേണമെന്നു പറയുന്നതു്. ഇന്നത്തെ നിങ്ങളുടെ നിലനോക്കുന്നതായാൽ കച്ചവടക്കാക്കു് കച്ചവടം ചെയ്യുന്നതിനുള്ള പ്രോത്സാഹനങ്ങൾ ഒന്നുംതന്നെ കൊടുക്കാതെ നിങ്ങൾ അയതു് ഇപ്പോഴും ഗവമ്മെണ്ടിന്റെ അധീന

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. O. Thomakutty]

ത്തിൽ നടത്തിവരികയാണല്ലൊ ചെയ്യുവരുന്നതു്. ഇങ്ങിനെ ചെയ്യുന്നതുകൊണ്ടു് ഗവണ്മെ ണ്ടിലേക്കു് ആദായങ്ങൾ കിട്ടുന്നില്ലെന്നു മാത്രമല്ല നമ്മുടെ നാട്ടിൽ പട്ടിണിയും ദാരിദ്ര്യ വും നാൾക്കുനാൾ വർദ്ധിക്കുകയും ചെയ്യുവരുന്നു.

സർ, നമ്മുടെ ഇന്നത്തെ പ്രധാനമന്ത്രി ക്ഷേമവകുപ്പു് മന്ത്രിയായിരുന്ന കാലഘട്ടത്തിൽ അതായതു് ക്രി.വ. കന്നിമാസത്തിലാണല്ലൊ കൊച്ചിയിലെ കച്ചവടക്കാരും തൃശ്ശിവപേ രൂരിലെ കച്ചവടക്കാരും ഓരോരോ നിവേദനംവഴി അവർക്കു് നേരിട്ടിരിക്കുന്ന പ്രയാസങ്ങൾ ചൂണ്ടിക്കാണിച്ചു് ബഹുമാനപ്പെട്ട മന്ത്രിയെ സമീപിക്കുകയുണ്ടായതു്. നിവേദനത്തിൽ പറഞ്ഞിരുന്ന സംഗതികൾ അനുഭാവപൂർവ്വം കേട്ടതിനുശേഷം അതിന്റെ സത്യാവസ്ഥമന സ്സിലാക്കിയ മന്ത്രിപുംഗവൻ അതിനു പരിഹാരം ചെയ്യുകൊള്ളാമെന്നു വാഗ്ദാനം ചെയ്യു കയും ചെയ്തു. അന്നത്തെ ക്ഷേമവകുപ്പദ്ധ്യക്ഷൻ സ്ഥലത്തില്ലാതിരുന്നതിനാൽ അദ്ദേഹംവ ന്നതിനുശേഷം ഈകാര്യത്തെപ്പറ്റി ആലോചിക്കാമെന്നു പറയുകയും ചെയ്തു.

സർ, ഇപ്പോഴിതാ കൊല്ലം ഒന്നുകഴിഞ്ഞു. ഞങ്ങൾക്കു ഞങ്ങളുടെ അപേക്ഷക്കു നാളി തുവരെ യാതൊരു മറുപടി കിട്ടുകയാകട്ടെ ആയതിനു് ഒരു നിവാരണം ചെയ്തു തരികയാക ട്ടെ ചെയ്യാർത്ത ശോചനീയാവസ്ഥയെ മാത്രമാണു് ഞാൻ ഇപ്പോൾ ഇവിടെ രേഖപ്പെടുത്തു ന്നതു്. ഇപ്പോൾ ക്ഷേമവകുപ്പു് വേറെ ഒരു മന്ത്രിയെയാണു് എല്പിച്ചിട്ടുള്ളതു്. അക്കാര്യ ത്തോടു ചോദിച്ചാൽ എനിക്കു യാതൊരു വിവരവും ഇല്ലെന്നു പറയും. ക്ഷേമവകുപ്പു് ഇങ്ങിനെ നാലു മന്ത്രിമാരുടേയും കയ്യിൽ മാറിമാറി വരികയാണെങ്കിൽ ഇന്നു കിട്ടുന്ന ആ റു ഔൺസ് അരിയുംപോയി ഒന്നും കിട്ടുകയില്ലെന്നുള്ള നിലയുംകൂടി വന്നേക്കാം. അതു കൊണ്ടു എനിക്കു പ്രധാനമായി പറയാനുള്ളതു് പുറത്തുനിന്നും ചരക്കുകൾ വരുത്തുവാൻ ഇവിടത്തെ കച്ചവടക്കാർക്കു് അനുമതിവേണമെന്നുള്ളതാണു്.

സർ, അവസാനമായി എനിക്കു പറയുവാനുള്ളതു ഇന്നത്തെ ക്ഷേമവകുപ്പു് ഡിപ്പാർ ട്ടുമെന്റിലേക്കു് ഏതൊരു കാര്യത്തിലും കച്ചവടക്കാർ എഴുതി ചോദിച്ചാൽ അതിനു തക്ക ഒരു സമാധാനം കൊടുക്കാതിരിക്കുകയും, അവരുടെ ആവലാതിക്കു് ഒരു പരിഹാരം കണ്ടെ ത്താതിരിക്കുകയും ചെയ്യുന്നുവെന്നുള്ളതാണു്. മറ്റൊരുകാര്യം ആ ഡിപ്പാർട്ടുമെന്റിനു കൊല്ലം തോറും സമ്പാദിച്ചുകൊണ്ടിരിക്കുന്ന ഒരുഭീമമായ സംഖ്യയിൽനിന്നും ഉദ്ദേശം പതിനാലുലക്ഷത്തോളം രൂപ ശമ്പളം ചിലവിനായി തള്ളിവിടുകയും ചെയ്യുന്നുണ്ടല്ലൊ. അത്രയധികം ജോലിക്കാരെ ആ ഏപ്പാടിൽ നിയോഗിച്ചുകഴിഞ്ഞിട്ടും നാളിതുവരെ ആ ഡിപ്പാർട്ടുമെന്റിൽ നടന്നുവരുന്ന അഴികേടുകൾക്കെങ്കിലും ആ ഡിപ്പാർട്ടുമെന്റിലേക്കു് എഴുതിച്ചോദിക്കുന്ന കാര്യങ്ങൾക്കു തക്ക സമാധാനങ്ങൾ ലഭിക്കുകയാകട്ടെ ചെയ്യുന്നില്ലെന്നു ധൈര്യമായി ഞാൻ പറഞ്ഞുകൊള്ള ട്ടെ. ഈ ദിവസത്തിനുമുമ്പു് ഞാൻ ഇവിടത്തെ ഫുഡ് സപ്ലൈയറക്ടർ അവർകൾക്കു് ഒരു എഴുത്തയച്ചു, എന്തെല്ലാം സാധനങ്ങളാണു പെർമിറ്റോടുകൂടിയും പെർമിറ്റുകൂടാതെയും ഇവിടേക്കു കൊണ്ടുവരുവാൻ സാധിക്കുന്നതു് എന്നു് ഒന്നെഴുതിയറിക്കണമെന്നു്. ഇ തുവരെയും അതിനു യാതൊരു മറുപടിയും തന്നിട്ടില്ല.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: ഉഴുന്നു്, കടല, പരിപ്പു് മുതലായ സാധന ങ്ങൾ പുറത്തുനിന്നു വരുത്തുന്നതിനു പെർമിറ്റു് വേണോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി. പുറമെ നിന്നു കൊണ്ടുവരുന്ന സാധനങ്ങളെ സം ബന്ധിച്ചു് ഇന്നയിന്നസ്ഥലങ്ങളിൽ നിന്നു് ഇന്നയിന്നസാധനങ്ങളെ കൊണ്ടുവരാൻ പാ ടുള്ളു എന്നു് ഇന്ത്യാഗവണ്മെന്റുമായി ഒരു കരാറുണ്ടു്. അങ്ങിനെയുള്ള സ്ഥലങ്ങളിൽ നി ന്നല്ലാതെ മറ്റു സ്ഥലങ്ങളിൽ നിന്നു കരാറിൽ പെട്ട സാധനങ്ങൾ കൊണ്ടുവരാൻ പാ ടില്ല. ഉഴുന്നു് അതിൽ പെട്ട ഒരു സാധനമാണു്. അതു ഹൈദരാബാദിൽ നിന്നു് ഇത്രടണ്ണേ കൊണ്ടുവരാൻ പാടുള്ളു എന്ന നിർദ്ദേശമുണ്ടു്. അതനുസരിച്ചു മാത്രമെ നമുക്കു കൊണ്ടു വരാൻ പാടുള്ളു.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: പരിപ്പു് അതിൽ പെടുമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ല. എന്നാൽ വിഷബീജം ചേർന്നിട്ടുള്ള ഒരുതരം പയറു് ഇവിടെ കൊണ്ടുവരാൻ പാടില്ലയെന്നു പറഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി കാര്യവിവരമില്ലാത്തതു കൊണ്ടായിരിയ്ക്കുണം ഇങ്ങിനെ പറഞ്ഞതു്. ഇന്ത്യാഗവൺമെണ്ടിൽ നിന്നു നിശ്ചയിച്ചിരിക്കുന്ന കാട്ട ഇന്നയിന്ന സ്ഥലങ്ങളിൽ നിന്നേകൊണ്ടുവരാൻ പാടുള്ളു എന്നു നിയമമുണ്ടായിരിയ്ക്കാം. എന്നാൽ കച്ചവടക്കാർ സ്വന്തം നിലയ്ക്കു് എവിടെനിന്നെങ്കിലും ചരക്കു വാങ്ങിയാൽ അതു കൊണ്ടുവരാൻ അനുവദിച്ചുകൂടെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: എഗ്രിമെൻറു പ്രകാരമുള്ള സ്ഥലങ്ങളിൽ നിന്നു മാത്രമെ നമുക്കു നിശ്ചയിച്ചിട്ടുള്ള കാട്ട വാങ്ങിക്കൊണ്ടുവരുവാൻ പാടുള്ളു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഞങ്ങൾ വല്ല ദിക്കിലും മേടിച്ചിട്ടുന്ന സാധനങ്ങൾ ഇവിടെ കൊണ്ടുവരുവാൻ നിങ്ങൾ സമ്മതിക്കുകയില്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇന്ത്യാഗവൺമെണ്ടുമായുള്ള എഗ്രിമെൻറിനു വിരോധമായി പ്രവർത്തിച്ചാൽ മറ്റു പലകാര്യങ്ങളിലും വിഷമം വരും.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: കച്ചവടക്കാർ എവിടെ നിന്നെങ്കിലും വാങ്ങിച്ചു കൊണ്ടുവരുന്ന സാധനങ്ങൾ, ഇങ്ങോട്ടു കടത്തികൊണ്ടുവരുവാൻ ലൈസൻസുതരുവാൻ പാടില്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: എഗ്രിമെൻറു പ്രകാരമുള്ള സാധനങ്ങളിൽ കൂടുതൽ ഈ രാജ്യത്തു കൊണ്ടുവരികയാണെങ്കിൽ നമ്മുടെ പ്രധാന ഭക്ഷണസാധനമായ അരി കിട്ടാതെ വന്നേക്കും. അതു സഹിയ്ക്കാൻ തയ്യാറാണെങ്കിൽ ലൈസൻസു തരുവാൻ വിരോധമില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അരികിട്ടുവാൻ പ്രയാസം വന്നേക്കും എന്നു പറയുന്നതു കേട്ടാൽ ഇപ്പോൾ അരിയ്ക്കു ദാരിദ്ര്യമില്ലായെന്നു തോന്നും. പുറത്തു നിന്നു വളരെ കഷ്ടപ്പെട്ടു സാധനങ്ങൾ വാങ്ങിച്ചാൽ തന്നെ ഇങ്ങോട്ടുകൊണ്ടുവരുവാൻ സമ്മതിക്കുകയില്ലെന്നാണു പറയുന്നതു്. ദൈവം പ്രസാദിച്ചാലും പൂശാരി സമ്മതിക്കുകയില്ലായെന്നാണു പറയുന്നതു്.

സർ, എനിക്കു പ്രധാനമായി പറയുവാനുള്ളതു് റേഷൻ ഷാപ്പുകൾ നിലനില്ക്കുന്ന കാലത്തോളം, നമ്മുടെ കഷ്ടപ്പാടുകൾക്കു കുറവുണ്ടാകയില്ല. എത്രയോ ചാക്കു അരിയാണു് ഇവിടെനിന്നു ബ്ലാക്കിഷിലേയ്ക്കു കടത്തിക്കൊണ്ടു പോകുന്നതു്!. ഇത്തരം അഴിമതികൾ നടത്തിക്കൊണ്ടിരിക്കുന്ന റേഷൻ ഷാപ്പുകൾ നിർത്തൽ ചെയ്തു് ഈ സാധനങ്ങൾ വില്ക്കുവാനുള്ള അധികാരം കച്ചവടക്കാരെ ഏല്പിയ്ക്കുണം എന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ഉൽബോധിപ്പിക്കുന്നു.

Mr. K. Balakrishna Menon (*Cheruthuruthi*): Sir, May I rise on a point of information. As is seen from the Agenda both Friday and Saturday—I mean Thursday and Saturday are set apart for non-official business. I would suggest that the Criminal Law Amendment Bill may be kindly taken up and finished.

Mr. President: That is to say if I understand the Hon'ble member correctly that the business left over today may be taken up tomorrow.

Mr. P. Kumaran Ezhuthassan *(Vadakkancheri):* That is the business intercepted today may be continued tomorrow.

Mr. M. K. Raja *(Mulakunnathukavu):* Sir, we are not agreeable for that.

Mr. President: As I see there are two proposals. One is that the whole business left over today may be taken up tomorrow—that is one. The other is that that business which is intercepted, *i.e.*, the Criminal Law Amendment Bill—which was being discussed.....

Mr. P. Kumaran Ezhuthassan *(Vadakkancheri):* Which was introduced last time, continued yesterday and which ought to be continued tomorrow. That is the desire of the opposition, Sir.

Rao Bahadur T. K. Nayar *(Minister for Home Affairs):* There are certain supplementary grants which are very necessary for carrying on the administration of the Government. Under the present conditions I think there is no meaning in separating official and non-official business. There was a time when we in the Opposition insisted upon having non-

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur T. K. Nayar]
official days to be exclusively utilised for non-official business. But now the position is quite different. Therefore Government should be allowed to conduct Government business on every day if the House would agree.

Mr. President: Tomorrow at 3-30 there is non-official business.

Rao Bahadur T. K. Nayar *(Minister for Home Affairs):* Today from 3-30 to 5 p. m. the normal time of 1½ hours have been utilised for non-official business. So I think if we can make an arrangement very important Government business can be transacted on these two days. My point is only this that some urgent important Government business may be got done any time during the present sitting of the Council. I am sure the House will allow the Government to transact this work.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Not the Opposition.

Mr. President: I hope that is the sense of the House. The House stands adjourned.

The House rose for the day at 5-30 p.m.

P. NARAYANA SWAMI
Secretary

LIBRARY ARCHIVES Kerala Legislative Assembly